

Little Kite
MIND SWITCH
2019-20
GGBHS CHALAPPURAM




GANAPAT HIGH SCHOOL,CALICUT
ESTD-1886
THE GOVT GANAPAT HIGH SCHOOL FOR BOYS


ഗവ: ഗണപത് ബോയ്സ് ഹൈസ്കൂൾ ചാലപ്പുറം.
വിദ്യാലയ ചരിത്രം
പൂർവ്വസൂരികൾ

# ചരിത്രം

തളി സാമൂതിരിഹൈസ്കൂളിന്റ അദ്ധ്യാപകനായിരുന്ന ശ്രീ. ഗണപത് റാവു 1888 സ്വന്തം വീട്ടുവളപ്പിൽ ആരംഭിച്ച നേറ്റീവ് സ്കൂൾ ആണ് പിന്നീട് ഗണപത് ഹൈസ്കൂൾ മാറിയത്. സമൂഹത്തിലെ അവർണ്ണർക്കം പാവപ്പെട്ടവർക്കും വിദ്യാഭ്യാസം നിഷേധിക്കുന്നത് കണ്ടു മനംമടുത്ത അദ്ദേഹം നേറ്റിവ് സ്കൂൾ സാധാരണക്കാർക്കായ് തുറന്നുകൊടുത്തു സാമ്പത്തിക പരാധീനതകളെയും യാഥാസ്ഥിതികരുടെ എതിർപ്പുകളെയും നേരിട്ടുകൊണ്ട് അദ്ദേഹം ഈ സ്കൂളിനെ വളർത്തിയെടുത്തു. മലബാറിലെ ദേശിയ പ്രസ്ഥാനത്തിന്റ ഒരു കേന്ദ്രമായി ഗണപത് റാവു നേറ്റീവ് ഹൈസ്കൂളിനെ രൂപപ്പെടുത്തി.ഐഹികജീവിതത്തോട് വിരക്തി തോന്നിയ അദ്ദേഹം സന്യാസം സ്വീകരിച്ച് സ്വാമി സുവിചരാനന്ദ ആയപ്പോൾ നേറ്റീവ് ഹൈസ്കൂളിന്റ ഭരണച്ചുമതല മകനായ സർവ്വോത്തംറാവുവിൽ നിക്ഷിപ്തമായി.പിതാവിന്റ സ്മരണ നിലനിർത്താനായി സ്കൂളിന്റ പേര് 1928-ൽ ഗണപത് ഹൈസ്കൂൾ എന്നാക്കി മാറ്റി.

1932 ൽ പെൺകുട്ടികൾക്കും ഗണപത് ഹൈസ്കൂളിൽ പ്രവേശനം അനുവദിച്ചു സർവോത്തംറാവുവിന്റ നേതൃത്വത്തിൽ രൂപം കൊണ്ട മലബാർഎഡ്യൂക്കേഷൻസൊസൈറ്റി കല്ലായി, ഫറോക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ഗണപത് ഹൈസ്കൂൾ ആരംഭിച്ചു.വയനാട്ടിലെ സർവജന ഹൈസ്കൂൾ, താനൂരിലെ ദേവധാർ ഹൈസ്കൂൾ എന്നിവയുടെ ഭരണച്ചുമതലയും മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റി ഏറ്റെടുത്തു 1957-ൽ ഗണപത് ഹൈ സ്കൂൾ ആയി മാറുകയും ചെയ്തു.1961-ൽ ഗേൾസ് ഹൈസ്കൂൾ ചാലപ്പുറത്തു മറ്റൊരിടത്തേക്ക്മാറ്റി സ്ഥാപിച്ചു.

ശ്രീ.ഗണപത് റാവു ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പ്രതിരോധമന്ത്രിയായിരുന്ന വിശ്വ പൗരൻ വി. കെ.കൃഷ്ണമേനോൻ, സഞ്ചാരസാഹിത്യത്തിലെ കുലപതിയായിരുന്ന എസ്.കെ.പൊറ്റക്കാട് ,ഹാസ്യ സാഹിത്യകാരനായിരുന്ന സഞ്ജയൻ, മുൻ ഉപമുഖ്യ മന്ത്രി അവുഖാദർകുട്ടി നഹ, വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഉമ്മർകോയ, സിനിമനടൻ കെ. പി. ഉമ്മർ തിരക്കഥകൃത്ത് ടി ദാമോദരൻ തുടങ്ങിയ ഇന്ത്യൻ ചരിത്രത്തിലും രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക

സാഹിത്യ, കായികരംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവാധ്യാപകരും വിദ്യാർത്ഥികളുമായിരുന്നു.






# സന്ദേശം

ഗവ ഗണപത് ബോയ്സ് ഹൈസ്കൂൾ 2019-20 വർഷം തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "മൈൻഡ് സ്വിച്ച് " എല്ലാ കുട്ടികൾക്കും, പ്രത്യേകിച്ച രോഗപീഡയിൽ വലയുന്ന നമ്മുടെ പ്രിയപ്പെട്ട നദീമിനും വേണ്ടി സമർപ്പിക്കുകയാണ്. "അനുദിനം മുന്നോട്ട്, മികവിന്റെ പാതയിൽ" എന്ന ആശയമാണ്, പൂർണ്ണമായും കുട്ടികളുടെ സഹകരണത്തോടെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മുന്നോട്ട് വെയ്ക്കുന്നത്.

കുട്ടികളുടെയും, അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, സർഗ്ഗശേഷി വെളിപ്പെടുത്തുന്ന കുഞ്ഞുവിഭവങ്ങൾ - മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ തെറ്റ് കൂടാതെ ടൈപ്പ് ചെയ്ത് മനോഹരമായ പേജ് ക്രമീകരണത്തിലൂടെ നമുക്ക് മുന്നിൽ എത്തിച്ചത് ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങളിലൂടെ മികവ് തെളിയിച്ച കുട്ടികളാണ് . മികച്ച ഡിജിറ്റൽ മാഗസിൻ "മൈൻഡ് സ്വിച്ച് " തയ്യാറാക്കിയ കുട്ടികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ .

**സബിത ടി ഹെഡ് മിസ്ട്രസ്**



# MESSAGE

I would like to share my immense pleasure on the occasion of bringing out an IT Magazine by the students of GGBHS Chalappuram .

As I am aware that the computer has become an inevitable tool of todays world, I hope this will provide an opportunity to our students to bring out their understanding and skill with aspirations.

I wish all the best wishes to them.

**SABU K J**
**PTA PRESIDENT**



# ആമുഖം

വിവര സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളെല്ലാം ഹൈടെക് ആയി മാറിയിരിക്കുന്നു. ഈ മാറ്റങ്ങൾ പാഠപുസ്തകങ്ങളിലും പഠനബോധനപ്രക്രിയകളിലും കാണാവുന്നതാണ് . അതിനാൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിദ്യാഭ്യാസത്തിൽ പ്രധാന പങ്കുണ്ടെന്ന ബോധ്യപ്പെടലിൽനിന്നാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന ഐ ടി കൂട്ടായ്മ വിദ്യാലയങ്ങളിൽ നടപ്പാക്കിയത് .ഗ്രാഫിക്സ് ,മലയാളം കമ്പ്യൂട്ടിങ് അനിമേഷൻ ,സ്ക്രാച്,,ഇന്റർനെറ്റ് ,പൈത്തൺ , റോബോട്ടിക് സ്,ഇലക്ട്രോണിക്സ് ,ഹാർഡ്‌വെയർ, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുകയും മികവുപുലർത്തുന്നവർക്കു സബ്ജില്ല ജില്ലാ സംസ്ഥാനതല ക്യാമ്പ്കളിലൂടെ കൂടുതൽ പരിശീലനം നൽകുന്നു .കൂടാതെ സ്കൂൾ പ്രവർത്തനങ്ങൾ സബ്ജില്ലാ ജില്ലാ കലോത്സവങ്ങൾ തുടങ്ങിയവ ഇവർ റെക്കോർഡിങ് നടത്തുന്നു .

ഇതിലെ പരിശീലനത്തിലൂടെ നേടിയ ശേഷികൾ ഉപയോഗപ്പെടുത്തി തന്റെയും കൂട്ടുകാരുടെയും അദ്ധ്യാപകരുടെയും സൃഷ്ടികൾ കൂട്ടിച്ചേർത്ത് സ്കൂളിന്റെ പേരിൽ "MIND SWITCH" എന്ന ഒരു ഡിജിററൽ മാഗസിൻ തയ്യാറാക്കിയതിൽ സന്തോഷിക്കുന്നു ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ മിടുക്കർക്കും അഭിനന്ദനങ്ങൾ സാങ്കേതികവിദ്യയിലൂടെ ഉൾതിരിഞ്ഞുവന്ന ഇ – മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

കല കെ

സ്റ്റാഫ് എഡിറ്റർ

**(കൈറ്റ്സ് മിസ്ട്രസ്)**



## हार्दिक बधाइयाँ

सांकेतिक विद्या का विकास दिन भर दिन बढता जा रहा हैं । इस अवसर पर हमारे स्कूल के " LITTLE KITES" के छात्रों ने " MIND MATCH " पत्रिका तैयार किया है । पत्रिका तैयार करते वक्त बच्चों ने जाने अनजाने में सूचना - तकनीकी के बहूत सारे मुद्दों से गुज़रा जो उसकेलिए लाभदायक सिद्ध हुआ । "MIND SWITCH" के निर्माण में भाग लेनेवाले सभी बच्चों का काम सराहनीय हैं ।

इस magazine केलिए मेरी ओर से सारी शुभकामनाएं.

**SHIJI KK**
**KITE MISTRESS**



**"MIND SWITCH" എന്ന മാഗസിന്റെ സ്റ്റുഡന്റ് എഡിറ്റർ ആയതിൽ എനിക്ക് ഏറെ അഭിമാനം തോന്നുന്നു. കാരണം ഇത് ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബിലെ കുട്ടികളുടെ IT മേഖലയിലെ വൈദഗ്ധ്യം തെളിയിക്കുന്നതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും എല്ലാ വിധ ഭാവുകങ്ങളും നേരുന്നു .**

**പ്രതിക് ജോ പോൾ**

**സ്റ്റുഡന്റ് എഡിറ്റർ**

# EDITORIAL BOARD



**KRISHANG THACHAT**
**ARJUN C**
**NAVEEN T**
**ROSAN JALEEL**
**ABHIRAM P V**
**PRATHIK JOE PAUL**
**MIKFAN MUHAMMED C P**
**MUHAMMED SHAHAL P**

# 2019-20
# LITTLE KITES BATCH



# ഉള്ളറകളിൽ

1 വായന ........................................................................................14
2 രണ്ടാമന്റെ ചിരി ...........................................................................16
3 Father is My Role Model..................................................19
4 നേട്ടം ........................................................................................21
5 ഡിജിറ്റൽ പെയിന്റിംഗ്..............................................................22
6 എന്റെ നാട് ................................................................................24
7 പേന ..........................................................................................25
8 അനുഭവക്കുറിപ്പ്.........................................................................27
9 സ്നേഹം ......................................................................................28
10 ഈസോപ്പ് കഥകൾ ......................................................................29
11 താഴേക്ക വീഴാത്ത ദൈവം ........................................................31
12 ഡിജിറ്റൽ പെയിന്റിംഗ്.............................................................32
13 വാർധക്യം ..................................................................................33
14 Sun as a star.............................................................................35
15 Nature .........................................................................................36
16 International Periodic Table...........................................37
17 Advising a Fool .......................................................................39
18 What is Programming ...........................................................40
19Natural calamity ......................................................................41
20 പ്രതിഭയ്ക്കൊപ്പം ........................................................................42
21 ഗ്രഹണം .......................................................................................43
22 കറുപ്പ് ..........................................................................................44
23 പാല്പിരിയുന്നകാലം ....................................................................45
24 പേരിന്റെ പൊരുൾ ......................................................................47

25 समीक्षा ....................................................................................................49

26 knowledge Information Data.........................................................50
27 ലഹരിവിരുദ്ധപ്രവർത്തനങ്ങളുമായി ...................................................54

28 Computer Quiz ............................................................................57
29 വാനം..........................................................................................58

30 വിദ്യാർത്ഥികളുംസാമൂഹ്യസേവനവും ................................................59

31 പഴനിയിലേക്ക്ഒരുയാത്ര ....................................................................60

32 പഴംചൊല്ല്..........................................................................................61

33 സൗപർണിക തീരത്തു...........................................................................62

34 നവമാധ്യമങ്ങളും വിദ്യാർത്ഥികളും ......................................................64

35 യാത്രവിവരണം..................................................................................66

36 What is RAM.....................................................................................67
37 തേങ്ങലുകൾ.........................................................................................70

38 കലാപ്രതിഭ .........................................................................................72

39 എന്റെ കുറിഞ്ഞിപ്പൂച്ച ...........................................................................74

40 Sorrow of the Nature.........................................................................75
41 Motherboard Componets......................................................................76
42 പഠിപ്പിന്റെ വിജയം ..................................................................................79

43 കൊക്കിലൊതുങ്ങുന്നതെകൊത്താവൂ .....................................................80

44 ജ്യോത്സന്റെ പ്രവചനം.............................................................................81


45 An elephant never knew the strength................................................83
46 सागर के किनारे .........................................................................................84

47 सागर ..........................................................................................................86

47 School activities..................................................................................88

# വായന

**മുമ്പ്**




നിറഞ്ഞുതുളുമ്പിയിരുന്ന പാത്രത്തിലെ
തേന്തുറും ചിന്തകൾ
പടർന്ന വികാരവിക്ഷോഭമാലകൾ
വിജ്ഞാനമേഖലാ സഞ്ചയങ്ങൾ
കോട്ടകൊത്തളങ്ങളും കൊട്ടാരവും
കുമാരീകുമാരന്മാരുമരചനും മന്ത്രിയും
രാജ്ഞിയും മുന്നിൽവന്ന മനോഹര
നൃത്തമാടീടുമപ്സരവൃന്ദവും
കാടും മലകളും പൂക്കളും പുഴകളും
ആഹ്ളാദമാം നിലയില്ലാക്കയങ്ങളിലെ-
യാർദ്രസംഗീതാകാശങ്ങളും...
ഫലങ്ങൾനിറഞ്ഞുതലകുമ്പിടുന്നോ-
രപൂർവ വിജ്ഞാനശാഖികളും...
തരുനിരകളും പൂക്കും സൗഹൃദവും
കനവിലെ വായനാകാശവും
കനിവും ദയയും വിടരും മനങ്ങളും
പുറമ്പോക്കിലമരാജന്മങ്ങളും...പി
യമ്മയും അച്ഛനും ഗുരുജനവൃന്ദവും
പിന്നെ കാണെക്കാണെമറയും വായനാ-

കാശത്തിലെ ഉഡുനിരചൊരിയും

സുഗന്ധവും പ്രകാശവും...

ഇന്ന്

വായന വെള്ളം കുടിച്ച വെളുത്ത

പഞ്ഞിക്കെട്ട് ആകാശത്തിലുയരാതെ,

പാത്രത്തിൽ മൂലയ്ക്കൊതുങ്ങി



മിന്നും സ്ക്രീനിലെക്കാഴ്ചകൾ, പൂരങ്ങൾ

കൈവിരൽതുമ്പത്തുനിന്നുതിരും കിനാവുകൾ

ഞൊടിയിട മറയുന്ന കാഴ്ചയുടെ ഊട്ടുത്സവങ്ങൾ

വായന നിറയാത്ത മനസ്സിന്റെ വയർ

ശൂന്യമാകുന്ന ബുദ്ധിയുടെ തിണ,

തിടംവെക്കുന്ന കുശുമ്പിന്റെ കുന്നായ്മയുടെ

കണ്ണുകാണാക്രൂരതയുടെ പരാന്നം

തട്ടിപ്പറയ്ക്കാനൊരുങ്ങുന്ന മനസ്സിന്റെ കാവൽ

കാതിൽകൊളുത്താത്തദീപം

വായന പാടിപ്പതിഞ്ഞ പഴമ്പുരാണം

നോട്ടം ആടിത്തിമിർക്കും കിരാതകാലം

വായന നീറിയുറഞ്ഞ മഹാശില, മഞ്ഞിന്റെ

നോവിന്റെ സ്നിഗ്ധമാം രോധഘട്ടം

വായനകൂടാതെ രാവുപുലരാത്ത

മർത്ത്യന്റെ ദീനമാം അശ്രുകാലം...


വായന ഇന്നു വെള്ളം കുടിച്ച വെളുത്ത പഞ്ഞി.

പൊങ്ങാതെ... പാറാതെ... ആകാശം കാണാതെ

മഞ്ഞിലുറഞ്ഞ മഹാഫലകം... മഞ്ഞിലുറഞ്ഞ മഹാഫലകം....

മഞ്ഞിലുറഞ്ഞ മഹാഫലകം.....

**വിവേക് കെ. 10 C**



# രണ്ടാമന്റെ ചിരി

അടുത്തതായി ട്രാക്കിൽ നടക്കാൻ പോകുന്നത് നാന്നൂറ് മീറ്റർ സബ്ജൂനിയർ ബോയ്സ് ഫൈനൽ.മൈക്ക് പോയിന്റിൽ നിന്ന് അനൗൺസ്മെന്റ് മുഴങ്ങി ഹൃദയമിടിപ്പ് കൂടുന്നു .ആകെ വിയർക്കുന്നു.ഒരു ടാങ്ക് വെള്ളം കുടിക്കാനുള്ള ദാഹം .

ടെസ്സി ടീച്ചർ വേഗത്തിൽ അടുത്തുവന്നു പറഞ്ഞു. "അടുത്തത് നിന്റെ ഐറ്റമാ.വേഗം ജേഴ്സി എടുത്തിട്". അതുകേട്ടതും ഞാൻ ഡ്രെസ്സിംഗ് റൂമിലേക്കോടി.

ഓട്ടത്തിനിടയിലാണ് കണ്ടത് ബാത്റൂമിന്റെ ടാപ്പ് തുറന്ന് കിടക്കുന്നു.വെള്ളം നിറഞ്ഞൊഴുകി അവിടെയാകെ തളം കെട്ടി കിടക്കുന്നുണ്ടായിരുന്നു.ടാപ്പ് പൂട്ടി വേഗം തന്നെ ഷർട്ട് ഊരി ജേഴ്സി ഇടാൻ നോക്കുമ്പോഴാണ് വെള്ളത്തിൽ എന്റെ രൂപം കണ്ടത്.എന്തൊരു കോലം!മെലിഞ്ഞുണങ്ങി നീണ്ട്.....എനിക്ക് എന്നോട് തന്നെ നീരസം തോന്നി .

നോക്കിനിൽകാതെ ജേഴ്സിയിട്ട് വേഗം മൈക്ക് പോയിന്റിലേക്കോടി.അവിടെ ചെസ്റ്റ് നമ്പറുകൾ വിളിച്ച തുടങ്ങിയിരുന്നു.

ചെസ്റ്റ് നമ്പർ "105". മുൻപിൽ നിന്ന സാർ വിളിച്ചുമടുത്ത മുഖത്തോടെ എന്റെ നെഞ്ചിലേക്ക് നോക്കി . 105! ഒരു നിമിഷത്തേക്ക് ഒരു നിശ്ചലത ഞാൻ അറിഞ്ഞു. "105" സാർ ഉറക്കെവിളിച്ചുകൊണ്ട് എന്നെ മുന്നോട്ട് നീക്കി നിർത്തി.അൽപം രൂക്ഷമായി തന്നെ .

**എനിക്കുശേഷം 106 ഉം 107 ഉം കൂടി മുന്നോട്ട് കയറി നിന്നു.ഞങ്ങളെയും കൊണ്ട് സ്റ്റാർട്ടിങ് പോയിന്റിലേക്ക് നീങ്ങിയപ്പോൾ ഞാനൊന്ന് തിരിഞ്ഞു നോക്കി. അതാ ടെസ്സി ടീച്ചർ വിജയാശംസകൾ സൂചിപ്പിച്ചുകൊണ്ട് തള്ളവിരൽ ഉയർത്തി കാണിക്കുന്നു.**

**ആദ്യ റൗണ്ടിൽ ടെസ്സി ടീച്ചറെ നിരാശപെടുത്താതെ ജയിച്ചു. അമ്പരപ്പോടെയും ആഹ്ലാദത്തോടെയും ട്രാക്കിനെ തിരിഞ്ഞു നോക്കി നടക്കുന്നതിനിടയിൽ ടെസ്സി ടീച്ചർ പറഞ്ഞ തന്ത്രം ഫലിച്ച സന്തോഷം എന്റെ മുഖത്തുണ്ടായിരുന്നു.ഓട്ടം തുടങ്ങിയാൽ മെല്ലെ പിന്നെ കത്തിക്കയറണം.**

**എന്റെ കൂടെ ഓടിയവരിൽ മിക്കവരും ഷൂ ധരിച്ചിരുന്നു.അച്ഛനോട് പറഞ്ഞാൽ ഷൂ വാങ്ങിത്തരും.പറഞ്ഞില്ല.**

**കൂടെ ഓടിയവരുടെ നിറഞ്ഞ നോട്ടങ്ങൾ ഞാൻ കണ്ടില്ലെന്ന് നടിച്ചെങ്കിലും ആ നോട്ടങ്ങൾ ഉള്ളിൽ തറച്ചുകിടപ്പുണ്ടായിരുന്നു.**

**മൂന്നാമത്തെ ട്രാക്കിലായിരുന്നു ഞാൻ. തൊട്ടടുത്ത ട്രാക്കിൽ എനിക്ക് കൂട്ടായി ഷൂ ഇടാത്ത ഒരു കുട്ടിയുണ്ടായിരുന്നു. സമാധാനം എനിക്ക് മാത്രമല്ലല്ലോ ഷൂ ഇല്ലാത്തത്. അവൻ ഏതാണ്ട്  എന്റെ പകർപ്പ് തന്നെ. നീണ്ട് മെലിഞ്ഞിട്ട്. ഒരു വ്യത്യാസമുണ്ട് അവന്റെ  മൊട്ടത്തലക്ക്  അസാധാരണ വലിപ്പമുണ്ട്.ഷൂ ഇട്ടവർ ഞങ്ങളെ രണ്ടാളെയും പരിഹസിച്ചു നോക്കുന്നുണ്ടായിരുന്നു. അച്ഛനോട് വാശി  പിടിക്കാഞ്ഞത് നന്നായി. അല്ലെങ്കിൽ അവൻ ഒറ്റപ്പെട്ടു പോയേനെ.**

**ഞങ്ങളുടെ കണ്ണുകളുടക്കിയപ്പോൾ അവൻ ഒന്ന് ചിരിച്ചു.ഞാനും തിരിച്ച് ചിരിച്ചു. തിളക്കമുള്ള കണ്ണുകളാണ് ചിരിക്കുന്നത് എന്നു തോന്നി.**

**പെട്ടന്നാണ് ശബ്ദം മുഴങ്ങിയത്**

**"ഓൺ യുവർ മാർക്ക്**

**സെ...റ്റ്**

**ഫ്റീറീറീ!!!!!**

**ആദ്യം ഒരു കുതിപ്പായിരുന്നു. പിന്നെ വേഗം കുറയാൻ തുടങ്ങി. നെഞ്ചിടിപ്പ് കൂടുന്നു. പതുക്കെയൊന്ന് തല വെട്ടിച്ചപ്പോൾ എല്ലാവരും തളർന്നാണ് ഓടുന്നതെന്ന് കണ്ട് സമാധാനിച്ചു. ഞാൻ തന്നെയാണ് മുന്നിൽ.**

**പെട്ടന്നാണത് സംഭവിച്ചത്. തിളങ്ങുന്ന ഒരു ചിരിയോടെ അവൻ ഫിനിഷിങ് പോയിന്റിലേക്ക് കുതിച്ചുകയറുന്നു! രണ്ടാമതെത്തിയ ഞാൻ അവനെ നോക്കി . അപ്പോഴും ചിരിതിളങ്ങിക്കൊണ്ടിരുന്നു. രണ്ടാമന്റെചിരി ഞാനും മോശമാക്കിയില്ല.**

**അമിത് സാബു**

**9 E**



# Father is  My Role Model

Oh !! The day has arrived. The thought of going to school, especially on this day alone makes me sad.  I got up, stretched my body and yawned.

“Hey champ!”  My daddy came to me. He  always has that wonderful smile on his face when he looks at me. He took me to the bathroom and gave me the toothbrush and paste.  watching my laziness he asked cheerfully. “Don’t you  want your mouth free of germs? Don’t you want to fight them?”At that point the warrior in me was horripilated.I grabbed the brush and paste and brushed my teeth .I took a bath after that .And after that my father dressed me up with my school uniform. While giving me the shirt .I told him “Daddy I cannot go to school today”.

“why?” daddy asked me.“Because, today is mothers day and a big function is going on in our school today. All my friends and others come with their mothers today.......”I couldn’t explain further. There wasn’t a need to do so. But still I continued. “And whom will I take with me........I don’t have a mother”. At that reply my father hugged me tightly. I cried. “all of them would  be with their mothers.... and me.... alone” My father wiped my tears and said “Dear boy, not all are alike if god took your mother from you he would have given you something better”But I did not support that

statement “What on earth can replace my mother daddy”? He didn’t reply. Suddenly, the cheerfullness returned, he reminded me that good boys go to school. He gave me food and my school bus came. Time flew so fast..... I didn’t realize that I reached school. The same thought was in my head from home to school” I would be alone today”.

The function was about to start when I reached school.
All the students gathered at the auditorium. The mothers of some children and of my friends was at the stage. And the cheif guest was inaugrating the function. He called out the name of mothers and gave the mic to them. The mothers recieved the mic and spoke about their children. I looked at those children with jealousy. The mothers went on speaking one after another. I was lost in thoughts..... Why did God take my mother away from me....”Then suddenly I heard the most familiar sound from the stage . Some one called out my name “...Vinayak...he’s my son. Iam his Father and I am his mother.”I was surprised ! It was my father. He wone a gown and l could not identify him suddenly . He spoke about me so much,At that point, his eyes watered with happiness and pride.

God may have taken my mom away from me.......But gave me a lovely dad .During the function the cheif guest asked the children of mothers at the stage what they wanted to become in future?Most of them replied “Doctor ,Engineer “

And last the question was up to me.”What will you become in future ?”Asked the chief guest .The answer was clear.”**My daddy**” I replied.

*Sreenandan 10B*



**<u>KRISHANG THACHAT</u>**

Selected to
Little Kites District Level Camp

# Digital Painting



GGBHS CHALAPPURAM

AMITHESH 9 E

# Digital Painting





**Sravan A.S**
**8 B**



# എന്റെ നാട്

ഉൽസവത്തിൻമേളമലയടിക്കുന്നൊരാ
ഗ്രാമത്തിലാണെന്റെ ജനനം
കളകളമൊഴുകുന്ന പുഴയില്ലിന്ന്
പണ്ടു ഞാൻ കണ്ട മലനിരകളില്ല
മനുഷ്യനെന്നുള്ളൊരു നീചനിന്നു
കെട്ടിപടുക്കുന്നു മണിസൗധങ്ങൾ
രണ്ടു കൊട്ടും പ്രളയങ്ങൾ തകർത്തെറിഞ്ഞു.
എന്നിട്ടും മനുഷ്യൻ പഠിച്ചതില്ല.
ഗ്രാമഭംഗി കവർന്നെടുത്ത്
ഫ്ലാറ്റുകൾ പണിയുന്നു നാം
ഒരു നിമിഷ നേരം കൊണ്ട് നാം
ബോംബ് വെച്ചു തകർത്തു നാം
എന്റെ നാടിന്നെങ്ങോട്ട്
എങ്ങോട്ട്,എങ്ങോട്ട്

AMARNATH.E

7.D

# പേന

അന്ന് രാവിലെ അവൻ വളരെയധികം സന്തോഷത്തോടെയായിരുന്നു, എഴുന്നേറ്റത് . കാരണം അന്ന് അവന്റെ ജന്മദിനമായിരുന്നു. എഴുന്നേറ്റപ്പോൾതന്നെ അമ്മ അവന് ജന്മദിനാശംസകൾ നൽകി.

ആ വീട്ടിൽ മൂന്നുപേരായിരുന്നു അമ്മയും, അച്ഛനും, പിന്നെ അവരുടെ ഒരേയൊരു മകൻ ആദിയും . ആദിയുടെ 10 മെത്തെ ജന്മദനമായിരുന്നു. അച്ഛനും അവന് ആശംസകൾ നൽകി. അവൻ അന്ന് പതിവിലേറെ ഉത്സാഹത്തോടെ സ്കൂളലേക്ക് പോകാൻ തയ്യാറായി. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് ഒരുങ്ങി നിന്നു. അങ്ങനെ വീട്ടിൽനിന്ന് ഇറങ്ങാൻ നേരം അച്ഛനുമായി ചെറിയകാര്യത്തിന് ഒടക്കി. ഇന്ന് അവന്റെ ജന്മദിനമല്ലേ വഴക്കുപറയണ്ട എന്നുപറഞ്ഞ് അമ്മ ആ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു. ആദി കാണിക്കുന്ന വികൃതികൾക്ക് അച്ഛൻ വഴക്കുപറയുക സാധാരണയാണ്. അന്നും അതാണുണ്ടായത്. ആദിയാകട്ടെ അച്ഛനെ ഇഷ്ടമല്ല എന്നൊക്കെ പറഞ്ഞ് അച്ഛനോടേ തെറ്റി. വൈകാതെ സ്കൂൾബസ് വന്നു വിഷമവും ചെറിയ ദേഷ്യവും പുറത്തുകാണക്കാതെ അവൻ കൂട്ടുകാരോടൊപ്പം ബസിൽക്കയറി സ്കൂളിലേക്ക് പോയി. സ്കൂളിൽ ചെന്നപ്പോൾ കൂട്ടുകാർ എല്ലാവരും അവന് ആശംസകൾ നൽകി. ക്ലാസ് തുടങ്ങാറായപ്പോഴേക്കും അവന്റെ ബാകിൽ നിന്ന് അവന് ഒരു പേന കിട്ടി ! അത് വളരെ ഭംഗിയുള്ളതായിരുന്നു. സ്വർണനിറത്തലുള്ള ഒരു പേന!. അതിന്റെ കൂടെ ഒരു ചെറിയ എന്നാൽ ഭംഗിയുള്ള ഒരു കാർഡ് ഉണ്ടായിരുന്നു അതിൽ ഇങ്ങനെ എഴുതിയിരുന്നു **'HAPPY BIRTHDAY AADHI'** അത് അവന്റെ അച്ഛന്റെ സമ്മാനമായിരുന്നു. അച്ഛന്റെ എഴുത്ത് അവന് തിരിച്ചറിയാമായിരുന്നു. കുട്ടികൾ

**എല്ലാവരും അവന്റെ പേനയുടെ ഭംഗിയെക്കുറിച്ച് അവനോട് പറഞ്ഞു ആ സമയത്ത് ആദിക്ക് വല്ലാത്ത സന്തോഷവും അതിലേറെ വിഷമവും തോന്നി. രാവിലെത്തന്നെ അച്ഛനോട് വഴക്കിടേണ്ടിവന്നില്ലേ എന്നോർത്ത് . അപ്പോൾ അച്ഛനെ കെട്ടിപിടിച്ച് ഒരുമ്മ കൊടുക്കണം എന്നവന് തോന്നി. സ്കൂൾ വിടാൻ വേണ്ടി അവൻ കാത്തിനിന്നു. കുറേക്കഴിഞ്ഞ് സ്കൂൾവിട്ടു. അപ്പോൾ സ്കൂൾ ബാഗുമെടുത്ത് അവൻ ബസിലേക്ക് ഓടി. വീടിന്റെ അടുത്തുള്ള ഒരു ചെറിയ റോഡിലാണ് ബസ്സ് നിർത്തുക. പതിവിലേറെ സന്തോഷത്തോടെ പേനയും കൈയിലെടുത്ത് അവൻബസ്സിൽനിന്ന് ഇറങ്ങയോടി. വീടിനടുത്തെത്തിയപ്പോൾ അവന്റെ വീട്ടിൽനിന്ന് കരച്ചിലും ബഹളവും കേൾക്കാമായിരുന്നു. അവൻ വീടിന് നേരെ ഓടി. അവിടെ വലിയ ആൾക്കൂട്ടം, വീട്ടിൽ എത്തയപ്പോൾ അവൻ കണ്ട കാഴ്ച തികച്ചും ദു:ഖകരമായിരുന്നു. അവൻ നിശ്ചലനായി. അവന്റെ കയ്യിൽനിന്ന് പേന താഴെവീണു. അന്ന് ആദിയുടെ ജീവിതത്തിൽ ഒരു തീരാനഷ്ടം ഉണ്ടായി.**

***ഗുണപാഠം*** **:-**

- **ചെറിയ ചെറിയ കാര്യങ്ങൾക്ക് വാശിപിടിക്കുകയും പിണങ്ങുകയും ചെയ്യരുത്.**
- **വാക്കുകൾ അത് സൂക്ഷിച്ച് ഉപയോഗിക്കുക മറ്റുള്ളരെ നോവിക്കുന്ന തരത്തിൽ സംസാരിക്കരുത്. അത് തിരിച്ചെടുക്കാൻ കഴിയില്ല.**
- **ഈ കഥയിൽ ആദിക്കുണ്ടായ തീരാനഷ്ടം അവനിപ്പോഴും ഓർക്കും.**
- **അച്ഛനമ്മമാരെ കഴിവതും സ്നേഹിക്കുക.**

**Sreehari O**

# അനുഭവക്കുറിപ്പ്



ഒരിക്കൽ പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വെസ്റ്റ്ഹിൽ ഭാഗത്തുള്ള ഒരു വിദ്യാലയത്തിൽ ക്വിസ് മത്സരത്തിനായി പോവുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നൂറ്റിഇരുപതോളം വിദ്യാർഥികൾ പങ്കെടുത്തിരുന്ന മത്സരമായിരുന്നു അത് . പ്രകൃതി സംരക്ഷണവും ഊർജ സംരക്ഷണവുമായിരുന്നു പ്രധാന വിഷയങ്ങൾ. സസ്യങ്ങൾ നട്ടുപിടിപ്പിച്ചു കൊണ്ട് മാതൃകാപരമായ രീതിയിലായിരുന്നു ഈ മത്സരം ഉൽഘാടനം ചെയ്യപ്പെട്ടത് . സസ്യങ്ങൾ നട്ടുപിടിപ്പിക്കാൻ താല്പര്യം ഉള്ള കുട്ടികൾ വേദിയിലേക്ക് വരാൻ അധികൃതർ ആവശ്യപ്പെട്ടു. ഞാനടങ്ങുന്ന ഒരു സംഘം വിദ്യാർഥികൾ വേദിയിൽ ചെന്ന് സസ്യങ്ങൾ നട്ടുകൊണ്ട് ഉദ്ഘാടന പരിപാടിയിൽ ഭാഗമായി .അതിനു ശേഷം മത്സരം ആരംഭിച്ചു. ദൈനം ദിന ജീവിതത്തിൽ ഉപകാരപ്പെടുന്ന പല പുതിയ അറിവുകളും ഈ മത്സരത്തിൽ നിന്ന് ലഭിക്കുകയുണ്ടായി. പ്രകൃതിയെ കൂടുതൽ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യർ സ്വയം പ്രകൃതിയിൽ നിന്ന് ഉണ്ടായവരാണെന്ന് മറന്നു പോകുന്നു. പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണം നാം ഓരോരുത്തരുടേയും ചുമതലയാണ്. പ്രകൃതി സംരക്ഷണത്തിനായി നമുക്ക് കൈകൾ കോർക്കാം എന്ന മഹത്തായ സന്ദേശം ഈ മത്സരം പകർന്നു നൽകി .



**Sreenandan**
**10 B**

# സ്നേഹം

ഹൃദയത്തിൽ നിന്നും ആണ്

സ്നേഹം ഉണ്ടാവുക

അമ്മയെന്ന സ്നേഹത്തേ -

ക്കാൾ വലുതായി എന്താണ് ഉള്ളത്

നമുക്ക് വെള്ളം തരുന്ന

നമുക്ക് വായു നൽകുന്ന അമ്മയെന്ന

ഭൂമിയാണ് സ്നേഹം

നെഞ്ചിൽ നിർവീഴ്ച ഉണ്ടാകുമ്പോൾ

തരുന്ന നെല്ലരി തിള വെള്ളപകർച്ചയായ്

നമുക്ക് എവിടെയെങ്കിലും മുറിവുണ്ടാവുമ്പോൾ.....

ആ മുറി പൊത്തി പൊതിഞ്ഞിട്ടും

കനിവും ദയയും വിടരും മനങ്ങളും ശീലയ് എൻ സ്നേഹമേ....

അച്ഛനെ നാം സ്നേഹിക്കുന്നു

അമ്മയെ നാം സ്നേഹിക്കുന്നു

പിന്നെന്തുകൊണ്ട് നാം പ്രകൃതി -

യെ സ്നേഹിക്കുന്നില്ല?...

പ്രകൃതി ഒരു വരദാനമല്ലേ....

നമുക്ക് ചൂട് ഉണ്ടാവുമ്പോൾ

നമുക്ക് ചോലനൽകുന്ന

പ്രകൃതിയെന്ന സ്നേഹം....



ഷൈമ പി കെ

7 B



# ഈസോപ്പുകഥകൾ

## ഒരു പുതിയ വായനാനുഭവം

വായിച്ചു രസിക്കാവുന്ന ഗുണപാഠകഥകളായ ഇസോപ്പുകഥകൾ പുനരാഖ്യാനം ചെയ്തത് പി.ഐ.ശങ്കരനാരായണൻ ആണ്. 274 കഥകൾ അടങ്ങിയതാണ് ഈ പുസ്തകം.

ബി .സി 620 നും 560 നും ജീവിച്ചിരുന്നതായി കരിതപെടുന്ന ഈസോപ്പിന്റെ കഥകളിൽ നിന്ന് തിരഞ്ഞെടുത്ത മികച്ച കഥകളുടെ സമാഹാരമാണ്. ഈസോപ്പ് ആരാണന്നതിനെക്കുറിച്ച് പല അഭിപ്രായങ്ങളാണ് ഉള്ളത്. അദ്ദേഹം പലപ്പോഴായി പല സദസ്സുകളെ പറഞ്ഞുകേൾപ്പിച്ച കഥകൾ ആയിരിക്കാം ഇവ. ആ കഥകൾ ജനങ്ങളെ രസിപ്പിച്ചിരിക്കും. അവ ക്രമേണ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചു. ബി സി 320 ൽ ഫലോറിയസ് ഈ കഥകൾ സമാഹരിച്ച് ഗ്രന്ഥരൂപത്തിലാക്കി എ.ഡി ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ 230 ഈസോപ്പുകഥകളുടെ ഗദ്യസമാഹാരം തയ്യാറായി 1479 ൽ അത് ആദ്യമായി അച്ചടിച്ചു സാരോപദേശ സാഹിത്യത്തിൽ ഈസോപ്പുകഥകൾക്ക് ഉന്നതമായ ഒരു സ്ഥാനമാണുള്ളത് .

ആമയും മുയലും, ചെന്നായ വരുന്നേ, സിംഹവും ചുണ്ടെലിയും ഈ കഥകൾ കേൾക്കാത്തവരായി ആരും ഉണ്ടാവില്ല ഇത്തരത്തിലുള്ള ലളിതമായ നിരവധി കഥകൾ ഇതിൽ ഉണ്ട്. ഓരോ കഥകളുടെയും അവസാനം ആ കഥ നൽകുന്ന ഗുണപാഠവും കൊടുത്തിട്ടുണ്ട്. ഇതിൽ എനിക്ക് ഏറെ ഇഷ്ടപെട്ട കഥയാണ് ഇടയന്മാരും ചെന്നായയും. ഈ കഥയിൽ ഇവരാണ് കഥപാത്രങ്ങൾ. ഇത് എനിക്ക് _ഇഷ്ടപെടാൻ കാരണം ഗുണപാഠമാണ് സ്വയം ചെയ്യുന്ന തെറ്റുകൾ തന്നെ മറ്റൊരാൾ ചെയ്യുന്നത് കണ്ടാൽ അതിനെ ആക്ഷേപിക്കാനും വിമർശിക്കാനും ചിലർ മുതിരാറുണ്ട്. ഇടയൻമാർ ആടിന്റെ ഇറച്ചി പാകം ചെയ്ത് കഴിക്കുന്നത് കണ്ട ചെന്നായയുടെ ചിന്തയാണ് ഈ കഥ ഇതേ കാര്യം തന്നെ താൻ ചെയ്താൽ അവർ എന്നെ തല്ലികൊല്ലില്ലേ എന്ന് ചെന്നായ ചോദിക്കുന്നു

ഇങ്ങനെ കുറഞ്ഞ വരികളിലൂടെ നമ്മെ ചിന്തിപ്പിക്കുന്ന കഥകളാണ് ഈ പുസ്തകത്തിലുള്ളത് ഓരോ കഥയും നമുക്ക് തരുന്ന ഗുണപാഠങ്ങൾ എന്നും നമുക്ക് ഗുണകരമാവും 2000 വർഷത്തിലേറെ പഴക്കമുള്ള , വാമൊഴിയായി പ്രചരിച്ച കഥകളുടെ അമൂല്യ ശേഖരമാണിവ.

**ജനിൻ ജെറി**

**5B**



# താഴേക്ക് വീഴാത്ത ദൈവം

മലനിരകളുടെ താഴ്വാരങ്ങളിൽ താമസിച്ചിരുന്ന ഒരു കൊച്ചു കുടുംബമായിരുന്നു സുബുവിന്റേത്. അവനെന്നും സംശയങ്ങളായിരുന്നു. എന്നും ഓരോരോ സംശയങ്ങൾ ചോദിച്ചു അവൻ അമ്മയെ സൈ്വര്യം കെടുത്തി. "അമ്മെ ഈ മനുഷ്യന് സംസാരിക്കാൻ പറ്റുന്നത് പോലെ ടിട്ടുനോനും സംസാരിക്കാൻ പറ്റുന്നില്ലല്ലോ. ടിട്ടു ആരാണെന്നു വച്ചാൽ അവന്റെ നായകുട്ടിയാണ്. ചിലപ്പോഴൊക്കെ അവൻ ടിട്ടുനോടും ചില സംശയങ്ങൾ ചോദിക്കും. പക്ഷെ അവനെന്തു മനസ്സിലാവാനാ?

ഒരു ദിവസം അവൻ അമ്മയോട് ചോദിച്ചു "അമ്മെ ഈ ആകാശത്തിന്റെ ഉള്ളിലേക്ക് പോയാൽ ദൈവം ഉണ്ടാവുമോ?".

"പിന്നില്ലാതെ ദൈവം സ്വർഗത്തിലാ അത് അങ്ങ് ആകാശത്താ അപ്പം പിന്നെ ഉണ്ടല്ലോ ഒരു ചിരി ചിരിച്ചുകൊണ്ട് അമ്മ പറഞ്ഞു."

"ആണോ"! സുബി അത്ഭുതത്തോടെ അമ്മയെ നോക്കി അന്ന് രാത്രി മുഴുവനും സുബുവിന്റെ മനസ്സിൽ ആ ചോദ്യമായിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ സംശയമായി അപ്പപിന്നെ ദൈവം എന്തെ താഴേക്ക് വീഴാത്തത്? അന്ന് രാത്രി അവനൊരു സ്വപ്നം കണ്ടു. ആകാശത്തിലേക്കുയരുന്നത്.

എന്നിട്ട് അവൻ ദൈവത്തെ കണ്ടു. എന്നിട്ട് ദൈവത്തിനോട് തന്നെ ചോദിച്ചു.

"ദൈവമേ ദൈവമെന്താ താഴേക്ക് വീഴാത്തത്?" അതുകേട്ട് ദൈവത്തിനു തന്നെ കൺഫ്യൂഷനായി. അതുശരിയാണല്ലോ ഞാനെന്താ താഴേക്ക് വീഴാത്തത് പെട്ടന്നൊരു വിളി.

"സുബു എടാ എഴുന്നേൽക്ക് നീ എന്താ രാത്രി പിച്ചും പേയും പറയുന്നത്?"

"അമ്മെ ഈ പറയാന്ന് പറഞ്ഞാലെന്താ?" അവന് വീണ്ടും സംശയമായി.

***അമേയ സാബു***

***5B***

# DIGITAL PAINTINGS



**ABINAV - 6A**



**ADITHYAN - 6A**



# വാർധക്യം

കണ്ണീരിൽ മുങ്ങിയെരിഞ്ഞതാരാ  അമ്മയുടെ നൊമ്പരം
അച്ഛൻ വളർത്തിയൊരു ഉണ്ണിയുടെ വളർച്ചയും
മാതാവിൻ പിതാവിന് നിൻ ഉണ്ണിയുടെ അകൽച്ചയും
വാർധക്യത്തിലേക്കൊഴുകുന്ന രക്ഷിതാവിൻ നൊമ്പരം.
ജീവിതത്തിന്റെ പടിവാതിലിലൂടെ നടന്നു നീങ്ങുന്ന
ഓരോകാൽപാതകളും വരുണ്ടുണങ്ങിയ ഓരോരോ
പാലം ഉണ്ടാക്കിയയൊരു അമ്മതൻ സ്നേഹവും
അച്ഛൻ വാങ്ങിത്തന്ന ഓരോകളിപ്പാട്ടങ്ങളിൽ നിന്നും
വാർധക്യത്തിലേക്കു മിന്നിമായുന്നു

മരണത്തിലേക്ക് എത്തിനോക്കുന്നു
ഓരോ സ്നേഹത്തിനു അടിസ്ഥാനം.
വാർധക്യം ഓരോ സംരക്ഷരെയും
വിജനവഴിയിലൂടെ കൈപിടിച്ചു ഓരോ മാതാവിൻ
കയ്യും, ആ കയ്യ് പിടിച്ചൊരു കാലം
കാലത്തിനു കരുനീക്കിയെൻ മാതാവിനെ
നീ എന്നിൽ നിന്നും വാർധക്യത്തിലേക്കു മാറ്റി
എന്റെ ജീവിതമായ എന്റെ അച്ചനമ്മമാരെ

കഥകളിൽ  നിന്നും ഓർമകളിൽ നിന്നും  എല്ലാ

യിടങ്ങളിലും നിന്നും വാർധക്യത്തിലേക്കു താഴ്ത്തിയെന്റെ രക്ഷിതാക്കളെ.

മരണം വർധക്യത്തിലൂടെ നിശ്ചയിക്കുകയും

വിശ്രമിക്കുന്ന ആനാളുകൾ കണ്ണീരിലാഴ്ത്തി മരണവും.

മക്കളെ പെറ്റുപോറ്റിയ അമ്മയും അച്ഛനെയും

മക്കൾതൻ ചതിയിലൂടെ അകറ്റുകയും വാർധക്യത്തിൽ

ഒറ്റയ്ക്കാക്കി മക്കൾ പോകുന്ന

വാർധക്യം നിറഞ്ഞൊരമ്മയെ അച്ഛനെ

വാർധക്യത്തിലേക്കു തള്ളി വിട്ടു മക്കൾ പോകുന്ന

വാർധക്യം തീരനായ മാതാപിതാവ്

നക്ഷത്ര കൂട്ടങ്ങളുടെ ഇടയിൽ നില്ക്കുന്ന

വാർമതിയൊഴുകുന്ന നാളുകളിൽ

വാർധക്യം  ആരെയും

തള്ളിടുന്നു....

മരണം വാർധക്യം നിറഞ്ഞൊഴുകുന്നു.....

ദിൽജിത്ത് ജി എം

9B

# Sun as a Star

Inside the smily sun
It is a fire ball
Father of earth
Author of nature
Bigger than earth
Bigger than planets
Gives path of light
From darkness to brightness
Looks like a twinkling star
But it is a fire ball

FARSEEN AHAMMED
8F



# NATURE

What a beautiful thing that is!
Yes, that is the gift of god
yes it’s the nature but,
still people kill that beautiful nature
people kills the green gift of god

people exploit that thing any method
that’s nature gives us love,
in the method of rain,wind,winter etc..
that nature gives us many seasons

The nature,change the worst city
into a beautiful city
the nature,the mother of all living beings
that mother gives us birth,
food,water etc..but we kill that mother

The nature, our mother is the
beauty of the earth
some peoples loves me,
and that people also protect me


But some times I become cruel
my angry is showed to
our sons in the form of flood,wind and tsunami
like mother beat the son
when we do a ugly thing

when the son is doing good,
the mother will appreciate the son
so like nature’s son doing good,
the nature appreciate our in the form rain

ABHIRAM PV
9B

# International Periodic Table Year 2019

**1869** is considered as the **year** of discovery of the **Periodic System** by the Russian scientist, **Dmitri Mendeleev**. The IYPT 2019 also commemorates the 150th anniversary of the establishment of the **Periodic Table** of Chemical Elements.




**The Periodic Table Timeline: Scientists' Contribution**

**1789**French chemist Antoine Lavoisier categorized elements into metals, nonmetals, "earths," and gases.

**1829**German chemist Johann Döbereiner noticed that triplets of elements shared chemical behaviors.

**1865**British chemist John Newlands likened the periodicity of chemical properties to musical octaves.
**1869**Russian chemist Dmitri Mendeleev published an early form of what would become the modern periodic table
**1870**German chemist Julius Lothar Meyer published a different version of the periodic table.

**1871**Mendeleev revised his table.
1913British physicist Henry Moseley developed the modern periodic table, basing the sequence of elements on atomic number
**1919**New Zealand-born British physicist Ernest Rutherford discovered protons

**2016**The official addition of four new elements completed the seventh row of the periodic table.**2019** the 150th anniversary of the establishment of the **Periodic Table** of Chemical Elements.



ANFAL - 9B



# Advising a Fool

On a mango tree in a jungle, there lived many birds.
They were happy in their small nests. Before the onset of the rainy season, all the animal of the jungle repaired their homes. The birds also made their homes more secure. Many birds brought twigs and leaves and other wove their. “we should also store some food for our children,” chirped one of the birds and they collected food, until they had enough to see them through the rainy season. They kept themselves busy preparing for the tough times. soon the rains came. It was followed by thunder and lightning. All the animals and birds stayed in their homes. It continued raining for many days. One day, a monkey wet in rain came into a forest. He sat on a branch, shivering with cold, water dripping from its body. The poor monkey tried his best to get shelter, but in rain. The leaves were not enough to save him from the rains. “Brrr! It is so cold!” said the monkey. The birds were watching all this. They felt sorry for the monkey but there was little they could do for him. One of them said “brother! Our small nests are not enough to give you shelter.” Another bird said,”All of us prepared for the rainy season. If you had, you would not be in the piteous situation.”
“how dare you tell me what to do you?” said the monkey growling at the bird the monkey angrily pounced on the birds nest, tore it and threw it on the ground. The bird and her chicks were helpless the poor bird thought,” fools never value a good advice it is better not to advise them.”

AKSHAY - 9C



# WHAT IS PROGRAMMING?

Programming is something in which we give an input which gives us result as an output

For example:- Google, Amazon, Youtube etc.
In all these application we search.....which gives us result as videos website etc. This is what known as Programming

Programming is a thing in our daily life. There are many kinds of programming .For Programming we need Programming language. There approximately 2000 Programming language such as Java, C, C++, Html, Python, Scratch and more. The simplest Programming language is Scratch. Most of the school in India teaches scratch for 8th standard students.

Prathik Joe Paul
9th D

# Building collapsed in Natural calamity









# പ്രതിഭക്കൊപ്പം

***ഡോക്ടർ പി വിനോദ് ഭട്ടത്തിരിപ്പാട് കേരള പോലീസ് സൈബർ ഫോറൻസിക് കൺസൽട്ടൻറ്***





# ഗ്രഹണം

ഇത് ഗ്രഹണകാലം -
ആയിരം കതിരശക്തിയുള്ള സൂര്യതേജസ് മറയ്ക്കാൻ
അരക്കാട് പോലൊരു കുഞ്ഞുചന്ദ്രൻ -
ചാന്ദ്രനിഴലുകൾ പെരുകുകയാണ് -
മനസ്സും കടന്ന മതിലും കടന്ന
ഗ്രഹണം നിറയുകയാണ് -
സൂര്യന് പക്ഷേ
പുറത്തു വരാതിരിക്കാൻ കഴിയില്ലല്ലോ -
ഒന്ന് മടിച്ച് എത്തിനോക്കി
ത്രസിക്കുന്ന വില്ല് കുലച്ച് , മുഴുവൃത്തമാക്കാൻ
വജ്റമോതിരം തീർക്കുന്ന തിരക്കിലാണവൻ

കുഞ്ഞേ
ഗ്രഹണം നിന്നെയും ബാധിച്ചിരിക്കുന്നല്ലോ
നിഴൽ വന്ന മൂടും മുൻപ്
തെളിച്ചമുള്ള ചിത്രങ്ങൾ വരച്ചുനല്കാൻ
വിങ്ങുന്ന കോപ്പയിൽ
കട്ടും ചായങ്ങൾ തിരയുന്ന തിരക്കിലാണ് ഞാൻ

പ്രിയപ്പെട്ട നദീം,
കുഞ്ഞു
ചിത്രയെഴുതിയ വിരലിൽ
വജ്റമോതിരമണിയിച്ച്
നേർത്തൊരുടൽ ചേർത്ത്പിടിച്ച്
ഞണ്ടുകളിരുക്കാത്ത നാട്ടിലെ
തിളങ്ങുന്ന ചിരിയിലേക്ക്
തിരിച്ചുനടക്കണമെന്ന്

Sabitha T

Headmistress

# കറുപ്പ്



കറുത്ത പൂച്ച
പാൽ കുടിക്കുന്നത്
വെളുപ്പിന്റെ രുചികൊണ്ടല്ല
വിശപ്പിന്റെ രുചിത്തർക്കം
മാധ്യസ്ഥപ്പെടാഞ്ഞിട്ടാണ് .

കറുപ്പിന്റെ ദുഃഖം
വെളുപ്പിനറിയില്ല
കറുപ്പിനഴക്
പൊളിവചനത്താൽ
പൂച്ച വിളറി.

കാക്കകൾ ഇപ്പോൾ കരയാറില്ല
ബലിച്ചോറിന്റെ  രുചി
പാപനാശിനികൾ വിഴുങ്ങുന്നു
അടുക്കള ഇല്ലാത്ത വീടുകൾ
മണ്ണിര ഇല്ലാത്ത മണ്ണ്
കായ്ക്കാൻ മാവും പിലാവുമില്ല .
പറക്കാൻ ആകാശങ്ങളില്ലാതെ
കറുപ്പിനെ ഓർത്തു
**കളിച്ചിട്ടും വെളുത്തില്ല .**

**Suryanarayanan M K**
**Teacher**



# പാല് പിരിയുന്ന കാലം

എൻ എസ് മാധവൻ മാതൃഭൂമി ആഴ്ചപതിപ്പിൽ എഴുതിയ കഥ പാല് പിരിയുന്ന കാലം (97:45) നടുക്കത്തോടെയലാതെ വായിച്ച പൂർത്തിയാക്കനായില്ല രാജ്യത്തിന്റെ മതേതര സങ്കൽപ്പങ്ങൾക്ക് ഭീഷണിയായ വർഗീയതയുടെ ഹിംസാത്മകമായ പ്രവർത്തനം മനോഹരമായി ആവിഷ്കരിക്കുകയാണ് കഥ. മലയാളിയായ സാബു ഭോപാൽ റെയിൻവേ സ്റ്റേഷനിൽ നിന്ന് ദില്ലിയില്ലേക്ക് ചെന്നൈ ന്യൂഡൽഹി ഗ്രാൻഡ് ട്രങ്ക് എക്സ്പ്രെസ്സിൽ റിസർവേഷൻ കംപാർട്മെന്റിൽ യാത്ര ആരംഭിക്കുന്നതോടെയാണ് കഥ തുടങ്ങുന്നത്. രാത്രിയായതോടെ അടുത്ത സീറ്റിൽ ഇരുന്നിരുന്ന ഇരുപത്തൊന്നുകാരിയായ ഒരു പെൺകുട്ടി അയാളോട് തന്റെ അപ്പർ ബെർത്ത് എടുത്തിട്ട് ലോവർ ബർത്ത് ആവശ്യപ്പെടുന്നു. അതീവ വിനയത്തോടെയാണ് അവൾ തന്റെ ആവശ്യം ഉന്നയിക്കുന്നത്. രോഗിയായതിനാൽ സാബു പെൺകുട്ടിയോട് ആവശ്യം നിരസിക്കുന്നു. രോഗത്തിന്റെ ഗുരുതരാവസ്ഥ അയാൾ സീടിപ്പിക്കുന്നുണ്ട്. ഒരു നിണക്കഥയായിട്ടാണ് അയാൾ അതിനെ കണ്ടത്.തന്റെ നിരാശ പ്രകടിപ്പിച്ച അവൾ നിങ്ങളെ എനിക്ക് കൊല്ലാൻ തോന്നുന്നുവെന്ന് അയാളോട് പറയുന്നു. ആ വാക്കുകൾ ഒരു തമാശ ആയേ സാബു കരുതിയുള്ളൂ. യാത്രക്കിടെ പൂർവ പ്രണയിനി ആയ മൃണാളിനിയുടെ ഫോൺകാൾ സാബുവിനെ തേടി വരുന്നുണ്ട് രോഗ ബാധയെ തുടർന്ന് ശസ്ത്രക്രിയക്ക് വിധേയനായ

**ശേഷം വിദഗ്ധ ചികിത്സക്കായി അവളുടെ ആവശ്യപ്രകാരമാണ് സാബു ദില്ലിയിലേക്ക് തിരിക്കുന്നത്. ശരീരത്തിൽ നിന്ന് മുറിച്ച് മാറ്റിയ ഭാഗം കൂടുതൽ പരിശോധനകൾക്കായി സാബു കൂടെ കരുതിയിട്ടുണ്ട്. ട്രെയിൻ ഇറങ്ങിയ സാബു ഗതാഗതക്കുരിക്കിൽ കുടുങ്ങിപ്പോയ മൂണാളിനിയെ കാത്തു നിൽക്കുന്നു. യാത്രക്കാർ ഒഴിഞ്ഞ പ്ലാറ്റഫോം. ഏതാനും തെരുവ് പട്ടികൾ സാബുവിന് ചുറ്റും കൂടുന്നു. എന്തോ മണം പിടിച്ചപോലെയായിരുന്നു അവയുടെ പെരുമാറ്റം. സമീപത്തെ കടയിൽ നിന്ന് ശീതളപാനീയം കുടിക്കുകയായിരുന്ന സഹയാത്രകയായിരുന്ന പെൺകുട്ടി അൽക്ക നേഗി ഇത് ശ്രദ്ധിക്കുന്നു. അവൾ സമീപത്തു ഉണ്ടായിരുന്ന പോലീസകാരനോട് അവളുടെ ബാഗ് പരിശോതിക്കുവാൻ ആവശ്യപ്പെടുന്നു. ബാഗിൽ അസാധരണമായി എന്തോ ഉള്ളതുകൊണ്ടാണ് നായക്കൾ കൂട്ടം കൂടിയതെന്ന തന്റെ സംശയം അവൾ പോലീസിനോട് പങ്കുവെക്കുന്നു. ഇതിനടയിൽ ഒരു ചെറിയ ജനക്കൂട്ടം അവിടെ രൂപം കൊള്ളുന്നുണ്ട്. പോലീസുകാരന്റെ പരിശോധനയിൽ ബാഗിലെ കുപ്പിയിൽ സീക്ഷിച്ചിരുന്ന ശരീരഭാഗം കണ്ടെടുത്തു. ഇയാൾ കേരളക്കാരനാണ്, പേര് സാബു എന്ന് പെൺകുട്ടി ജനക്കൂട്ടത്തോട് വിളിച്ചു പറയുന്നതിനിടയിൽ ആദ്യത്തെ തല്ല് സാബുവിന്റെ മുഖത്തു പതിക്കുന്നു. ഉത്തരേന്ത്യൻ വാർത്തകളായി നിരവധി തവണ നാം വായിച്ചറിഞ്ഞ കാര്യങ്ങളാണ് പിന്നിടുണ്ടായത്. ഇതിനിടയിൽ ഉത്തർപ്രദേശിലെ യാത്രക്കരോട് ഒരാൾ വിളിച്ചു പറചയുന്നുണ്ട്. തെക്കു നിന്ന് എത്തിയ ഒരു ഗോമാംം. ഒപ്പം ഇതിനെരെ നന്മ ആഗ്രഹിക്കുന്ന മനുഷ്യരുടെ ജാഗ്രതയും കൂട്ടായ്മയും ആവശ്യപ്പെടുകയും ചെയുന്നു**

Muhammed Ashraf M P
Teacher



# പേരിന്റെ പൊരുൾ

ചില
കൺമൊഴികളിൽ
ഹൃദയമുടക്കുന്ന
കാതിലേക്ക് ഉരുകിയൊലിക്കുന്ന
ലാവകളിലും
കണ്ണിലേക്ക് തറച്ചിറങ്ങുന്ന
കൂരമ്പുകൾക്കും മുകളിലൂടെ
കറുത്ത ശലികളിലെ ഇരുണ്ട മാളങ്ങൾക്കപ്പുറം
വെളുത്ത ശാന്തസ്ഥലികൾ തേടും യാത്രകൾ പേര്
ഒളിച്ചിരിക്കാനിട നൽകാതെ
ഏത് നിമിഷവും ആക്രമണമേറ്റ്
പേടിപ്പെടുത്തുന്ന ഒന്നാക്കുന്ന

ഫാത്തിമ ലത്തീഫ്....
ഹിമശൈലശൃംഗത്തോളം
സ്വപ്നങ്ങളാൽ ചിറകുവിടർത്തിയവൻ
ചരടിനറ്റത്ത്
സുരക്ഷിതയായി

ഷഹ്ലഷെറിൻ ....
കറുത്ത ദുരിത്തിലെ
പൊത്തിലേക്ക് കാൽനീട്ടവെ
കനിവു തേടുന്ന കണ്ണുകളിലെ
നനവുകാണാതെ
ഹൃദയത്തിനാഴത്തിലേക്ക്
വിഷദംശമേറ്റവൾ
നീലിച്ചഹൃദയവും തലച്ചോറുമായ്
സുരക്ഷിതയായി

രോഹിത് വെമുല....
എല്ലാവരും സമൻമാരെന്നും
തനിക്കിവിടെയൊരിടമുണ്ടെന്നും
വെറുതെ വിശ്വസിച്ചവൻ
പിടഞ്ഞു തീരും മൻപ്
ആരോ കൈനീട്ടി തുണയേകുമെന്ന്
വൃഥാ കരുതിയവൻ

## വാൽകഷ്ണം

കണ്ണുകളിൽ അഗ്നിയും
മൊഴികളിൽ അരുതെന്ന
വാക്കും പേറി
നമുക്കുച്ചുറ്റും ഭരണകൂടങ്ങൾ
വാളോങ്ങുമ്പോൾ
നിലക്കാത്തെ നോവിന്റെ
നിലവിളികൾ കാതോർക്കാൻ
ആരുണ്ട്???

Salini c
Teacher



# समीक्षा

बेन्यामिन के दो उपन्यास

अरब विद्रोह के पृष्ठभूमी में बेन्यामिन द्वारा लिखित मर्मस्पर्शी जुडवा उपन्यास संग्रह हे - " अल अरैबियन नोवल फाक्टरी " और "मुल्लप्पूनिरमुल्ला पकलुकल" ।

दोनों उपन्यासों में एक ही जगह में रहनेवाले दो व्यक्तियों द्वारा एक ही समस्या का वर्णन हुआ है, वह भी भिन्न दृष्टिकोण में । ये दोनों उपन्यास परस्पर संबंन्धित होते हुए भी अपने आप में स्वतंत्र भी हे । भले ही इस पुस्तक को पूरा करने में समय तो लगता है फिर भी इसका चरित्र बहूत गहन और दिल कौ छूनेवाली है , विशेष रूप से " मुल्लप्पूनिरमुल्ला पकलुकल" उपन्यास की 'समीरा परवीन' ।

दोनों पुस्तकों के बीच जो आपसी संबंध है वह असल में एक विशेष अनुभूती है । मैं अभी भी असमंजस में हुं कि यह आत्मकथा है या सिर्फ लेखक की कल्पना ।इसमें वरणित सभी घटनाएँ आँखों देखा ही लगता हैं ।

priya A
Teacher



**SABU K J (PTA PRESIDENT)**

# Knowledge - Information - Data

***"School management has decided to appoint a new teacher for mathematics."***

How the school management has come to a position to take such a decision. There comes the importance of knowledge, information and data.

You all are familiar to the progress card in which your half yearly examination results are recorded. What is in it?. It is a table of certain number of rows and columns and some figures are written in it. But it is not a table in which the figures are randomly entered.

Let us look into a table

| | | | | | |
|---|---|---|---|---|---|
| 34 | 38 | 41 | 34 | 45 | 20 |

Do you get any idea from the above table?

Definitely not. Certain numbers are entered in the cells of the table. It is very difficult to come to any idea or conclusion from the figures given. But It is a *data*.

Let us look at the following table.

**Performance Report of Half yearly Examination**

Standard VI B

*Name of the Student:* Suresh Kumar.

| English | Malayalam | Hindi | Basic Science | Social Science | Mathematics |
|---|---|---|---|---|---|
| 34 | 38 | 41 | 34 | 45 | 20 |

Yes, this resembles your progress report. When the data in the first table is

presented with certain additional values, it becomes *information*. This table explains the performance of Suresh Kumar's performance in the half yearly examination. **So *information* can be defined as the organised data presented when it is required, where it is required and in the form it is required.**
Let us look into another table

| | English | Malayalam | Hindi | Basic Science | Social Science | Mathematics |
|---|---|---|---|---|---|---|
| Suresh Kumar | 34 | 38 | 41 | 34 | 45 | 20 |
| Rajesh K G | 32 | 39 | 30 | 36 | 35 | 18 |
| Haseena T K | 40 | 35 | 39 | 45 | 39 | 25 |
| Meena R | 37 | 41 | 38 | 43 | 42 | 22 |

This is the table available with your class teacher. You or your parent need to know about your performance only. Bu the class teacher needs to know the performance of all the students in the class. So this table is useful for assessing the progress of the whole class.

Le us go into another level of the same data.

| | English | Malayalam | Hindi | Basic Science | Social Science | Mathematics |
|---|---|---|---|---|---|---|
| Suresh Kumar | 34 | 38 | 41 | 34 | 45 | 20 |
| Rajesh K G | 32 | 39 | 30 | 36 | 35 | 18 |
| Haseena T K | 40 | 35 | 39 | 45 | 39 | 25 |
| Meena R | 37 | 41 | 38 | 43 | 42 | 22 |
| **Average** | **35.75** | **38.25** | **37** | **39.5** | **40.25** | **21.25** |

The last row of this table indicates the average performance of the class on each subject. This may be the report required by the Head Master/Head Mistress of your school. The HM will definitely find out the poor status of mathematics and enquire the reasons for the same. The reason may be the absence of a mathematics teacher in the school. The HM may give recommendation for a mathematics teacher to the school management. Based on this knowledge the School management decides to appoint a new mathematics teacher. Here School management receives the ***knowledge*** for

the necessity of a mathematics teacher from the HM based on the data and his/her experience.

This is how the simple data is processed to get different information and knowledge.
What is the role of computer in data processing?


Look at this table again.

| | English | Malayalam | Hindi | Basic Science | Social Science | Mathematics |
|---|---|---|---|---|---|---|
| Suresh Kumar | 34 | 38 | 41 | 34 | 45 | 20 |
| Rajesh K G | 32 | 39 | 30 | 36 | 35 | 18 |
| Haseena T K | 40 | 35 | 39 | 45 | 39 | 25 |
| Meena R | 37 | 41 | 38 | 43 | 42 | 22 |

Your class teacher has this data in his/her computer. He/she can derive different kind of reports from this data. Your individual performance report can be generated from each row of the table. The same data can be processed to get the average performance of each subject which is needed by the HM. You can easily process this data for finding out various other criteria like the number of students above 90%, 80% etc. Can you imagine the work required for this kind of calculation if the number of record is 100 or 1000. There computer is the better tool for this kind of data processing. Now computer has become an inevitable tool for data processing, which is the basis of all management system of all the areas like, business, industry, development, government, other policy makers, etc.

The following figure will explain the relation between data, information and knowledge.


Data processing is not the only area where computer is used. It is used in almost all the areas like word processing (DTP, publishing, etc), Image processing, video processing, audio processing, etc. As a student, you should be aware of the tool of this century. But remember, this is only a tool, brain is yours.


Knowledge
Know-how, understanding, experience, insight, intuition, and, contextualized information
Information
Contextualized, categorized, calculated and condensed data
Data
Facts and figures which rellay something specific, but which are not organized in any way

## ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ..........





# തെരുവ് നാടകം







# കമ്പ്യൂട്ടർ ക്വിസ്

കമ്പ്യൂട്ടർ കണ്ടുപിടിച്ചത് ?

A: CHARLS BABBAGE

വേൾഡ് വൈഡ് വെബ് ന്റെ ഉപജ്ഞാതാവ് ?

A: TIM BERNESLY

കംപ്യൂട്ടറിന്റ 'തലച്ചോർ' എന്ന് വിശേഷിപ്പിക്കുന്നത്?

A: CPU

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റ ഉപജ്ഞാതാവ്?

A: RICHARD MATHEW STALLMAN

കംപ്യൂട്ടർമൗസ് കണ്ടുപിടിച്ചതാര്?

A: DOUGLAS C ANGEL BART

'വിക്കിപ്പീഡിയ'യുടെ സ്ഥാപകൻ?

A: JIMMY WALES, LARRY SANGER കമ്പ്യൂട്ടർ പ്രവർത്തന സജ്ജ്യമാകുന്ന പ്രക്രിയ ഏതു പേരിലറിയപ്പെടുന്നു?

A: BOOTING

കമ്പ്യൂട്ടർ പ്രവർത്തിക്കുമ്പോൾ ആദ്യം പ്രവർത്തനക്ഷമമാകുന്ന സോഫ്റ്റ്‌വെയർ?

A: OPERATING SYSTEM

കമ്പ്യൂട്ടറിൽ നിന്നു നൽകുന്ന ഇലക്ട്രോണിക് നിർദേശങ്ങളെ എന്തു് പേരിലാണ് അറിയപ്പെടുന്നത് ?

A: SOFTWARE

ABHISHEK JAYAKUMAR.T - 8A



# വാനം

എന്തൊരു ഭംഗിയാണീ വാനം
എന്തൊരു ഭംഗിയാണീ സന്ധ്യ
മിന്നിത്തിളങ്ങുന്ന നക്ഷത്രവും
പുഞ്ചിരിതൂകും പൊൻചന്ദ്രനും
എന്തൊരു ഭംഗിയാണീ വാനം
എന്തൊരു ഭംഗിയാണീ സന്ധ്യ
കത്തിജ്വലിക്കുന്ന പൊൻസൂര്യനും
ഏഴുവർണമുള്ള മഴവില്ലും
എന്തൊരു ഭംഗിയാണീ വാനം
എന്തൊരു ഭംഗിയാണീ സന്ധ്യ.
മഴയും വെയിലും മഞ്ഞുമുള്ള വാനം
പാട്ടുപാടും കിളിയുള്ള വാനം
മേഘവും കാർമേഘവും ഉള്ള വാനം
ഞാനുമെൻ അനിയനുമെന്നും നോക്കിടും പൊൻവാനം

DEEKSHITH
5-D



## വിദ്യാർത്ഥികളും സാമൂഹ്യസേവനവും

ഇവിടെ അടുത്ത് ഒരു ഗ്രാമമുണ്ട് ആ ഗ്രാമത്തിൽ ഒരുപാട് കുടുംബങ്ങളുണ്ട് അവിടെ എല്ലാവരും വളരെ കഷ്ടത്തിലാണ്. വെള്ളം വരെയില്ല. അങ്ങനെയിരിക്കെയാണ് നമ്മുടെ സ്കൂളിലുള്ള വിദ്യാർത്ഥികൾ ഇതറിഞ്ഞത് അങ്ങനെ അവർക്ക് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കാമെന്നും ഇതൊരു സാമൂഹ്യ പ്രവർത്തനമായി ഞങ്ങൾ കരുതി. ആ ഗ്രാമത്തിലേക്ക് ആരും ശ്രദ്ധിക്കാറില്ല. അങ്ങനെ ഞങ്ങൾ ഒരു പൈപ്പ് വെച്ചു കൊടുക്കാൻ തീരുമാനിച്ചു. അവർക്ക് അത് വലിയൊരു ആശ്വാസമായാണ് തോന്നിയത്. ഇക്കാലത്ത് സാമൂഹ്യപ്രവർത്തനത്തിന് കുട്ടികളില്ല. കുട്ടികളെന്നല്ല ആരുമില്ല. സാമൂഹ്യപ്രവർത്തനം എന്നെന്നും ഒരു നല്ല കാര്യമാണ്. ഇക്കാലത്ത് നമ്മൾ സാമൂഹ്യപ്രവർത്തനം ചെയ്യുന്നതിനുമപ്പുറം എന്തുണ്ട്. ഇപ്പോൾ എല്ലാവരും എല്ലാവർക്കും ദ്രോഹമാണ് ചെയ്യുന്നത്. മറ്റുള്ളവരെ സഹായിക്കണം അതാണ് ഏറ്റവും നല്ലത്. ഇക്കാലത്ത് അതൊക്കെ കുറവാണ്. നമ്മൾ കേട്ടിട്ടുണ്ടാവും നമ്മുടെ അച്ഛനമ്മമാർ പറയുന്നത്. പണ്ട് അനാഥ പെൺകുട്ടികൾക്ക് കല്ല്യാണ കഴിച്ചുകൊടുക്കുമെന്നൊക്കെ. പക്ഷെ ഇക്കാലത്ത് അതില്ല. ഇക്കാലത്ത് എല്ലാവരും അവരവരുടെ അച്ഛനമ്മമാരെ വൃദ്ധസദനത്തിൽ താമസിപ്പിക്കുകയാണ് പതിവ്. അവരെ നോക്കാൻ വീട്ടിൽ ആരും തന്നെയില്ല. വിദ്യാർത്ഥികൾ ഇത് തടയണം എന്നാലെ നമ്മുടെ നാട് നന്നാകൂ. നമ്മൾ സാമൂഹ്യപ്രവർത്തനത്തിലേക്കേ ഇറങ്ങണം. ചിലർക്ക് സാമൂഹ്യപ്രവർത്തനം എന്നത് നാണക്കേടാണ് ഒരു നാണക്കേടും പാടില്ല. നമ്മൾ ഒന്നായി തിൻമയെ നശിപ്പിക്കണം. തിൻമ ഇനി പാടില്ല. നമ്മൾ ഒന്നായി സമൂഹത്തിലേക്ക് ഇറങ്ങണം. ഇനി നമ്മൾ സാമൂഹ്യപ്രവർത്തകരാണ്. ഇനി നമ്മൾ ഒന്നാണ്.

Fidel **7c**

# പഴനിയിലേക്കൊരുയാത്ര

ഞാനും എന്റെ കുടുംബവും ഒരവധിക്കാലത്തു പഴനിയിൽ പോയിരുന്നു. തമിഴ് നാട്ടിലാണ് പഴനി. ഞാൻ അതിരാവിലെ തീവണ്ടിയിലാണ് യാത്ര ചെയ്തത്. സന്ധ്യക്ക് അവിടെയെത്തി. പഴനിമലയുടെ താഴ്വരയിൽ വണ്ടിയിറങ്ങുമ്പോൾ കണ്ട കാഴ്ച കണ്ണും കരളും കവരുന്നതായിരുന്നു പഴനിമലയിലെ ലൈറ്റിന്റെ പ്രതിബിംബം താഴ്വരയിലെ പൊയ്കയിൽ പ്രതിഫലിച്ചു. ആ കാഴ്ച ഒന്ന് കാണേണ്ടതുതന്നെ.

യാത്രാവേളയിൽ പലതരം മൃഗങ്ങളെയും പക്ഷികളെയും കണ്ടു. അരുവികളിലൂടെ ഒഴുകിയെത്തിയ ഇളംകാറ്റ് എന്നെയും തഴുകി. അവിടെയുള്ള പൂന്തോട്ടത്തിലെ പൂമ്പാറ്റകൾ തേൻ നുകര്ന്നു ഇതൊക്കെ ഞാൻ ആസ്വദിച്ചു. ഞങ്ങൾ അന്ന് ലോഡ്ജിലായിരുന്നു താമസിച്ചത് എന്റെ റൂമിന്റെ ജനാലയിലൂടെ കാഴ്ചകൾ കണ്ടു. അമ്പലത്തിൽ നിന്നുള്ള ഭക്തിഗാനം ഞങ്ങൾക്ക് റൂമിൽ കേൾക്കാമായിരുന്നു. പുലർച്ചെ അഞ്ചുമണിക്ക് ക്ഷേത്രത്തിലേക്ക് പോയി എന്റെ പാപ്പിയുടെ മകന്റെ തല മൊട്ടയടിച്ചു. പഴനിമലയുള്ളത് സുബ്രഹ്മണ്യക്ഷേത്രമാണ് . പഴനിമലയിലേക്കു പടികയറിയും അല്ലാതെയും പോകാം. ക്ഷേത്രത്തിൽനിന്നും തിരിച്ചുവരുമ്പോൾ ഞാൻ ഒരാനയെക്കണ്ടു ആനയ്ക്ക് ഞാൻ പഴം കൊടുത്തു പിന്നെ ഞങ്ങൾ അവിടെയുള്ള കടകളിൽ കേറി ഒരുപാട് സാധനങ്ങൾ വാങ്ങി. ആദ്യമായി ഞാൻ കുതിരവണ്ടിയിൽ സഞ്ചരിച്ചു. പലസ്ഥലങ്ങളും ഞാനെന്റെ ക്യാമെറയിൽ പകർത്തി ഈയാത്ര എന്റെ ഓർമയിൽ എന്നും ഉണ്ട്.

സൂര്യ സുമൻ സി.എസ്

8 A

# പഴംചൊല്ല്

:ആന വാ  പൊള്ളിക്കുന്നതുകണ്ടു അണ്ണാൻ വാ പൊളിച്ചിട്ട് കാര്യമില്ല

:ആലിൻ പഴം പഴുത്തപ്പോൾ കാക്കക് വായ്പ്പുണ്ണ്

:ആശാനക്ഷരം ഒന്ന് പിഴച്ചാൽ അമ്പത്തൊന്നും പിഴക്കും ശിഷ്യന്

:ആള്ള കൂടിയാൽ പാമ്പു ചാവില്ല

:അച്ഛൻ ആനപ്പാപ്പാൻ എന്നുവെച്ച മകനും തഴമ്പുണ്ടാകുമൊ

:അച്ചികുടിച്ചതെ കുട്ടികുടിക്കു-

: അച്ചനെ കുത്തിയ കാള ചെറുക്കനെയും കുത്തും-

:രോഗിയിച്ചിച്ചതും പാൽ വൈദ്യനാർ ചൊന്നതും പാല്

:അടുത്തവനെകെട്ടുത്തുന്നവനു ആയിരം പാപം-

:അണ്ണാക്കിലെ തോൽ അശേഷം പോയാലും അംശത്തിൽ ഒട്ടും  കുറയ്ക്കയില്ല

:അങ്ങാടി പയ്യ് ആലയിൽ നിൽക്കില്ല

:അണ്ണാനെ മരംകയറ്റം പഠിപ്പിക്കണോ ?

Arifudheen
8 A



# സൗപർണ്ണികാ തീരത്ത്

അത് ആറു വല്ലാത്ത യാത്ര ആയിരുന്നു. സമയം രാത്രി 9 മണി വീട്ടിൽ അച്ഛൻ വരാത്തതിനാൽ ഞങ്ങൾ ഭക്ഷണം കഴിച്ചിരുന്നില്ല. കുറച്ച് കഴിഞ്ഞപ്പോൾ അച്ഛൻ വന്നു. കൈയ്യിൽ ടിക്കറ്റുമായി അച്ഛൻ പറഞ്ഞു നാളെ അവധിയല്ലേ നമുക്ക് മൂകാംബികയിൽ പോയിവരാം. ഞാനും അനിയത്തിയും ആമോദത്തോടെ തുള്ളിച്ചാടി. ഞങ്ങൾ പിറ്റേദിവസത്തേക്കു കൊണ്ടുപോവേണ്ട സാധങ്ങൾ എടുത്തു വെക്കാൻ തുടങ്ങി. പിറ്റേദിവസം രാത്രി പത്രുണ്ടുമണി ഞങ്ങളുടെ കൂടെ എന്റെ ഏച്ചിയും ഉണ്ടായിരുന്നു. കുറച്ച് നേരം ആടുകയും പാടുകയും ചെയ്തു. വണ്ടി വന്നു. മനസ്സില്ലാമനസ്സോടെ ഞാൻ മുകളിലെ തട്ടിൽ കിടന്നു. ഒറ്റക്കായിരുന്നു. വണ്ടിയുടെ ഇടയ്ക്കുള്ള ശബ്ദം കേട്ട് എനിക്കുപേടിയായി. ഞാൻ ഉറങ്ങി.

രാവിലെ 5 മണി ആകുമ്പോൾ മംഗലാപുരത്തെത്തി. ഞാൻ വിചാരിച്ച ഈ സ്റ്റേഷനിൽ ചായ, വാടാ, കാപ്പി എന്ന്  പറയുന്ന  ആൾ ഇല്ലെന്ന്. ഒരാൾ വരികയും ചായയും വടയും വാങ്ങി. ഞങ്ങൾ വേറെ ട്രെയിനിൽ കയറി. ആ ട്രെയിൻ കണ്ടു ഞങ്ങൾ ഞെട്ടി. ഈ വണ്ടിയിൽ ആരുമില്ലേ? അതിവിശാലമായ കൊങ്കൺ റയിൽവെയുടെ ഒരു ഗുഹ. കൊങ്കണിലെ തന്നെ ഏറ്റവും വലിയ ഗുഹ, ഞാൻ വിചാരിച്ച മാനത്തിൽ കാർമേഖങ്ങൾ മൂടിയതാണെന്ന്. ഇടയ്ക്കിടെ ഒരു വെളിച്ചം പോകുന്നത് ഞാൻ കണ്ടു. അങ്ങനെ ഞങ്ങൾ ബൈണ്ണൂർ അണ്ണാ സ്റ്റേഷനിൽ ഇറങ്ങി. ബസ്സ് കിട്ടി. അതിമനോഹരമായ സ്ഥലമാണ്. നിറയെ മലകളും മരങ്ങളും. അവിടെ കൂടുതലും പറങ്കിമാവ് മരങ്ങളാണ്.

ഞങ്ങൾ മൂകാംബികയിലെത്തി. അവിടെ ലോഡ്ജിൽ മുറിയും എടുത്തു. ഞങ്ങൾ ആദ്യം ക്ഷേത്രത്തിൽ പോയി. ഒരു പത്തു ഏക്കർ സ്ഥലത്തിൽ നാല് ചുമരുകൾ അതിനുള്ളിലുള്ള ക്ഷേത്രത്തിൽ ഞങ്ങൾ പോയി ക്ഷേത്രത്തിന്റെ ഉള്ള് നിറയെ മരങ്ങൾ കൊണ്ടുണ്ടാക്കിയ സാധനങ്ങൾ. കൂടാതെ അവിടെ മൂന്നു

പല്ലക്കുണ്ട്. അവ, വെള്ളി, സ്വർണം, മരം എന്നിങ്ങനെയാണ്. എന്നാൽ എന്റെ ശ്രദ്ധ അതിലൊന്നിലുമല്ലായിരുന്നു. പന്ത് പോലെ വലുപ്പമുള്ള ലഡ്ഡുവിലായിരുന്നു. മുന്നിൽ ഒരു മരംപോലെ നിലവിളക്കു. ദൈവത്തെ കണ്ടു ഞങ്ങൾ തിരിച്ച ലോഡ്ജിൽ വന്നു കുറച്ച നേരം ഞങ്ങൾ ഉറങ്ങി.

വൈകുന്നേരം ഞങ്ങൾ അതിസുന്ദരമായ സൗപർണ്ണികാ നദീ തീരത്തേക്ക് പോയി. പക്ഷെ വെള്ളം കുറവായിരുന്നു.ഞങ്ങൾ നേരെവീണ്ടും ക്ഷേത്രത്തിലേക്ക് പോയി. ക്ഷേത്രത്തിന്റെ പുറത്തുനിന്നു ഞാൻ ഒരു പഴം തിന്നാൻ പോകുമ്പോഴേക്ക് എന്റെ കയ്യിൽ നിന്നൊരാൾ ആപഴം കൊണ്ടുപോയി. നോക്കുമ്പോൾ അതൊരു കുരങ്ങായിരുന്നു. അതിസുന്ദരമായ കാഴ്ചകൾ കഴിഞ്ഞു ഞങ്ങൾ തിരിച്ച ലോഡ്ജിലെത്തി. മൂകാംബികയാത്രകഴിഞ്ഞു ബസ്സുകയറി മലകൾ കണ്ടുഞാൻ മയങ്ങി. പിന്നെ എഴുന്നേറ്റത് ബൈന്ദൂർ സ്റ്റേഷനിലെത്തിയപ്പോഴാണ് സ്റ്റേഷന്റെ വടക്കുഭാഗത്തു ദൂരെ ഒരു ഗുഹയുണ്ട്. അവിടെ നിന്ന് വണ്ടി വരുമ്പോൾ ഒരു ലൈറ്റ് കാണാം. അതിസുന്ദരാമായ കാഴ്ചകളാണത്. വണ്ടികിട്ടി പിന്നീട് ഞാൻ കണ്ടത് പൂന്തോട്ടങ്ങളാണ്. അവരോടു യാത്രപറഞ്ഞു ഞങ്ങൾ കേരളത്തിലെത്തി. അതിരാസികമായ മൂകാംബിക യാത്ര കഴിഞ്ഞു ഞങ്ങൾ വീട്ടിലെത്തി.

MANAS 8C



# നവമാധ്യമങ്ങളും വിദ്യാർത്ഥികളും

സമകാലികസമൂഹത്തിലെ ചർച്ചാവിഷയങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഒരു വിഷയമാണ് നവമാധ്യമങ്ങളും വിദ്യാർത്ഥികളും . നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്ന മുഖ്യ ഘടകമാണ് സാമൂഹിക നവമാധ്യമങ്ങൾ. ഇന്ന് ലോകത്തു നല്ലതും ചീത്തതുമായ ധാരാളം മാധ്യമങ്ങൾ നമുക്ക് കാണാനാകും .കൗമാര പ്രായക്കാരായ വിദ്യാർഥികൾ തന്റെ മാതാപിതാക്കളെക്കാൾ പ്രാധാന്യം ഇവക്കു നൽകുന്ന കാലമാണിത് . സോഷ്യൽ മീഡിയകൾ പൂർണമായി

ചീത്തതാണെന്നു നമുക്ക് പറയാനാകില്ല എന്നാൽ അധികവും നല്ലതുമല്ല.കൗമാരപ്രായക്കാരനായ ഒരു വിദ്യാർത്ഥി ഇത് ഉപയോഗിക്കുമ്പോൾ അവൻ പതിയെ പതിയെ ഇതിനു അടിമയാകുന്നു. അത് അവന്റെ അല്ലെങ്കിൽ അവളുടെ നാശത്തിലേക്കാണ് നയിക്കുന്നത് . ഫേസ്ബുക്, വാട്സ് ആപ് , ഇൻസ്റ്റാഗ്രാം എന്നിവ ചില നവമാധ്യമങ്ങളാണ് . ഇന്ന് ലോകത്തെ ഭൂരിഭാഗം കൗമാരപ്രായക്കാരും ഇവയുടെ അടിമകളാണ് . ഇതിന്റെ ദൂഷ്യഫലത്തെപ്പറ്റി വേണ്ടത്ര അറിവുലഭിച്ചിട്ടില്ലെങ്കിൽ ആ കുട്ടി വഴി പിഴക്കാൻ സാധ്യതയേറെയാണ് . ഇന്ന് വളരെ ചെറുപ്പത്തിൽ തന്നെ കുട്ടികൾ മൊബൈൽ ഉപയോഗിക്കാൻ ആരംഭിക്കുന്നു . വലുതാകുംതോറും അവർ മൊബൈലിനോടും അതിലെ സാമൂഹിക മാധ്യമങ്ങളോടും കൂടുതൽ അടുക്കുന്നു. ഇത്തരം സാമൂഹിക നവമാധ്യമങ്ങളിൽ ധാരാളം അശ്ളീല വീഡിയോകളും ഫോട്ടോകളും അടങ്ങിയിരിക്കുന്നു. അതിനാൽ ആ കുട്ടി കൗമാരപ്രായത്തിൽ ഇത്തരം വീഡിയോകളോടും ,ഫോട്ടോകളോടും ഭ്രമം വർധിക്കുന്നു. സ്വന്തം മാതാപിതാക്കൾ പോലും അറിയാത്ത അറിയിക്കാതെ കാര്യങ്ങൾ പോലും ഇത്തരം വിദ്യാർത്ഥികൾ സോഷ്യൽ മീഡിയയിലൂടെ വലിയ പരിചയമോ അടുത്തറിവോ ഇല്ലാത്ത വ്യക്തികൾക്ക് പങ്കുവെക്കുന്നു . ഇത് വൻ അപകടങ്ങളിലേക്കാണ് വിദ്യാർത്ഥികളെ നയിക്കുന്നത്. എന്നിരുന്നാലും നല്ല ചിന്തയോടെ മാതൃപിതൃ സ്നേഹകർത്താക്കളായ വിദ്യാർത്ഥികൾ ആണെങ്കിൽ അവർക്കു ഇത്തരം സാമൂഹികമാധ്യമങ്ങൾ നല്ലതാണ്. എന്നാലും അതിൽ ഏതുനേരവും കളിക്കുന്നത് നല്ലതല്ല. സ്വന്തമായ മൊബൈൽ ഫോണ്ട് ഏതൊരു

വിദ്യാർത്ഥിയുടെ മൊബൈലിൽ ഇത്തരം നവമാധ്യമങ്ങൾ തീർച്ചയായും ഉണ്ടാകും. ഇന്ന് പൂരിപാകം കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്കും ഇവയൊന്നുമില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥയിലായി. ഇത്ര സാമൂഹിക നവമാധ്യമങ്ങളിൽ കുട്ടികൾ വഴിതെറ്റാനുള്ള പല മാർഗങ്ങളുമുണ്ട്. ഇത്തരം സാമൂഹിക മാധ്യമങ്ങളെ കുറിച്ച് അബോധവാന്മാരായ വിദ്യാർത്ഥികൾ തന്റെ അശ്ളീല വിനോദങ്ങൾക്കു വരെ ഇവയെ ഉപയോഗിക്കുന്നു. അതിനാൽ കുട്ടികളുടെപെരുമാറ്റവും പ്രവർത്തനരീതികളും താറുമാറാകുന്നു. പഠനകാര്യങ്ങളിലിമ വീട്ടുകാര്യങ്ങളിലും ഉള്ള ശ്രദ്ധ വിച്ഛേദിക്കപ്പെടുന്നു. വേണ്ടത്ര അറിവ് ഇത്തരം നവമാധ്യമങ്ങളെപറ്റിയ ഇല്ലാത്ത മാതാപിതാക്കളുടെ ഇതിനടിമകളായ മക്കൾ നന്നായി പറ്റിക്കുന്നു. അത്തരം മക്കളാണ് വഴിപിഴക്കുന്നതിൽ അധികവും. വിനാശകാരികളായ ഇത്തരം നവമാധ്യമങ്ങളെപ്പറ്റി നന്നായി അറിവുള്ളമാതാപിതാക്കൾ അവരുടെ മക്കളോട് അതിന്റെതായ ഗൗരവത്തിൽ പെരുമാറേണ്ടതുണ്ട് .



KARTHIKRAJ
10 A

# യാത്ര വിവരണം

2020 ജനവരി 10 കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ വെച്ച് നടത്തുന്ന ഗാനഗന്ധർവൻ യേശുദാസിന്റെ 80 ആം പിറന്നാൾ ആഘോഷത്തിന്റെ പാട്ടു പാടുവാൻ എന്റെ അനിയൻ അക്ഷയിനെയും അവന്റെ സംഗീതടീച്ചർ ഉൾപ്പെടുത്തിയിട്ടുണ്ടന്ന വിവരം അറിയിച്ചപ്പോൾ സന്തോഷം കൊണ്ട് ഞങ്ങൾ മതിമറന്നുപോയി. അന്നുമുതൽ ഞങ്ങൾ ആ ദിവസത്തിനു വേണ്ടിയുള്ള കയ്യിരിപ്പിനും തയ്യാറെടുപ്പിലുമായിരുന്നു ആകാംക്ഷകൊണ്ട് ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞാണ് നീങ്ങുന്നതുപ്പോലെ ഞങ്ങൾക്ക് തോന്നിപ്പോയി

അങ്ങെനെ ആ ദിവസം വന്നെത്തി. ജനവരി 8 ഉച്ചയ്ക്ക് 12 മണിക്കുള്ള വണ്ടിയിൽ ഞങ്ങൾ കൊല്ലൂരിലേക്കു പുറപ്പെട്ടു. പിറ്റേദിവസം രാവിലെ ഏകദേശം 7 ഓടെ ഞങ്ങൾ അവിടെയെത്തി. പ്രിയപ്പെട്ട ദാസേട്ടനെ കാണുവാൻ വന്നവരുടെ തിരക്കായിരുന്നു അവിടെ. അദ്ദേഹത്തെ ഒരുനോക്കുകാണുവാൻവേണ്ടി ജനങ്ങൾ ക്ഷേത്രനടത്തിലും,ഹോട്ടലിനുമുമ്പിലും തിങ്ങിക്കൂടിയിരുന്നു. ഞങ്ങളുടെ പരമഭാഗ്യമെന്നു പറയെട്ടെ അദ്ദേഹം താമസിച്ചിരുന്ന ഹോട്ടൽ 'മഹാലക്ഷ്മി'യിൽ തന്നെ ഞങ്ങൾക്ക് മുറി കിട്ടി! അദ്ദേഹത്തിന്റെ പിറന്നാൾ ദിനത്തിൽ അദ്ദേഹത്തിന്റെ ഫോട്ടോ കയ്യിൽ പിടിച്ച ഫോട്ടോ പതിച്ച ഉടുപ്പുകളും ധരിച്ചായിരുന്നു. അന്ന് രാത്രി സരസ്വതിമണ്ഡപത്തിൽവച്ച് അദ്ദേഹം ആലപിച്ച കീർത്തനങ്ങൾ കേൾക്കാനും ആരാധകർ തിങ്ങികൂടിയിരുന്നു.

അദ്ദേഹത്തെ നേരിട്ടു കാണുവാനും, കാൽതൊട്ടു വന്ദിച്ചു അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങാനും സരസ്വതീമണ്ഡപത്തിൽ ആലപിച്ച കീർത്തനം കേൾക്കുവാനും അദ്ദേഹത്തിന്റെ എൺപതാം പിറന്നാൾ ദിവസം അവിടെ ഉണ്ടാവുവാനും,അതിൽ പങ്കെടുക്കുവാനും,അനിയൻ അക്ഷയ്ക്ക് അന്നേ ദിവസം സരസ്വതി മണ്ഡപത്തിൽ പാടുവാനും അവസരം ലഭിച്ചതും എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു ജീവിതാനുഭവമാണ്.

എനിക്ക് ഇങ്ങനെയൊരു അനുഭവം തന്ന് ഭാഗ്യവാനാക്കിയതിൽ ഞാൻ മൂകാംബികാ ദേവിയോടും നന്ദി പറയുന്നു.

അടുത്ത വർഷവും അദ്ദേഹത്തിന്റെ പിറന്നാളിന്ന് അവിടെ എത്തുവാൻ സാധിക്കണെമെന്നും പ്രാർത്ഥിച്ചുകൊണ്ട്, ആ ധന്യനിമിഷങ്ങൾ തന്ന ഭാഗ്യാനുഭവത്തെ മനസ്സിൽ താലോലിച്ചും,അയവിറക്കിയും കൊണ്ട് ഞങ്ങൾ ഉടുപ്പിശ്രീകൃഷ്ണ ക്ഷേത്രത്തിലും തൊഴുത് ശനിയാഴ്ച തിരിച്ചു കോഴിക്കോട്ടെത്തി.

# WHAT IS RAM? (RANDOM-ACCESS-MEMORY)



Random access memory, or RAM, is one of the most important components of not only desktop PCs, but laptops, tablets, smartphones, and gaming consoles. Without it, doing just about anything on any system would be much, much slower.

what is RAM? In a nutshell, it's an extremely fast type of computer memory which temporarily stores all the information your PC needs right now and in the near future. It's where your computer loads up all the things it thinks it will need to find out soon, so that when it does need something, it can read it super fast. It's quite different from your system's storage, like its hard drive, where information is stored long term.

## Short-term memory

Perhaps the best analogy for what RAM is to think of it as like your system's short-term memory. It's quick at learning new things and can load in all of the information about your web browser, the

image editing tool you're using, or the game you're playing so that you can access it quickly. You don't want to have to dig through your slower storage, like a hard drive or even a solid state drive (SSD) every time you want to open a new tab or load a new enemy to shoot.

Like short-term memory, though, RAM is not designed to stay focused forever and is ready to move on to the next task at a moment's notice. It's what is described in computing as "volatile," that is, once it loses power, it forgets everything it's learned. That makes it perfect for handling the multitude of high-speed tasks that your system throws at it on a daily basis, but it's also why we need storage systems like hard drives and SSDs, to actually hold our information when you turn your system off

**Different types of RAM**

The most common type of RAM that is sold today is DDR4, though older systems may use DDR2 or DDR3. Those simply denote the generation of RAM used in that particular system, with each successive one offering faster speeds through greater bandwidth — a higher megahertz (MHz) rating. Each generation also saw physical changes, so they are not interchangeable.

Another common term, especially in the video game space, is VRAM, or video RAM. Although once a stand alone piece of technology in its own right, VRAM is today used to denote the memory available to a graphics chip or built on to a graphics card. That's actually called Graphics DDR SDRAM, or more commonly

GDDR. Most modern graphics cards will use GDDR5, though some use a newer GDDR5X standard and Nvidia's new RTX Turning graphics card use GGDR6.

Some niche graphics cards utilize a form of RAM called High-Bandwidth-Memory (HBM and HBM2) which has some unique performance advantages, though it is typically expensive and supply issues have meant it hasn't seen widespread adoption.

The biggest consideration when buying RAM is how much of it there is. You need a minimum amount of RAM to run a desktop or laptop operating system and many games and applications have a minimum amount, too. Those requirements are listed in the gigabytes, or GB, and are often between 1GB and 8GB, depending on how demanding the application is. Having more than the minimum is important, as you're unlikely to just be running one application at a time, but having massive amounts doesn't necessarily make your system faster.

Typical DDR4 memory runs between 2,133MHz and 3,000MHz but there are some that can run upwards of 4,000MHz for the fastest kits available. You would see these marketed as DDR4-2133 or similar, and sometimes with the confusing "PC" label applied too. The number that follows that is simply the MHz speed multiplied by eight and then rounded. You might see it listed as DDR4-2133 PC4-17000.

**KRISHANG 9 E**

# തേങ്ങലുകൾ

നേരം പരപരയെന്ന വെളുക്കുന്നേയുള്ളൂ. ശാന്ത ഉച്ചയിൽ മുടിയും കെട്ടി കിടക്കപ്പായിൽ നിന്ന് കൃഷ്ണാ! യെന്ന് വിളിച്ച് എഴുന്നേറ്റ് അടുക്കളയിലേക്ക് ഓടി.

മക്കളും വേലു ഏട്ടനും നല്ല ഉറക്കത്തിലാണ്. ആരെയും ശല്യപ്പെടുത്താതെ അടുപ്പിന്റെ അരികിൽ ഇരുന്ന് പണി തുടങ്ങി. തലേന്ന് കൂർക്കൽ പൊതാഴ്ത്തിയിരുന്നു. അതുകൊണ്ടു സുഖായി! നേരത്തെ ഡോക്ടറുടെ വീട്ടിൽ എത്താം. ഇന്ന് ഇതുമതി കൂർക്കല്! കൂർക്കൽ ചുരണ്ടി വശം വൃത്തിയാക്കി അടുപ്പത്തു ഒരു ഗ്ലാസ് അരി കഴുകി അടുപ്പത്തിട്ടു. വേലു ഏട്ടനുള്ളത് ആയി.
കുട്ട്യോള് സ്കൂളിൽ നിന്ന് കഴിച്ചോളും.
ചോറ് വർക്കുന്നതിന് മുമ്പ് ഒരു കിണ്ണത്തില് വേലു ഏട്ടന് കഞ്ഞി മാറ്റി വെച്ചു.
ഇന്നലത്തെ മത്തികറി ഉണ്ട്. അതും കൂടി കഴിക്കട്ടെ. വേറെ പണിയൊന്നും ഇല്ലല്ലോ!

വരമ്പത്തൂടെ ഓടുന്ന ശാന്തമ്മയെ നോക്കി കമലയും പ്രസന്നയും കളിയാക്കി "ഇന്നലെ രാത്രിയില് ഒന്നും ണ്ടായിട്ടുണ്ടാവില്ല ല്ലേ?"

കണ്ണുകളോടെ അവരെ നോക്കി ശാന്ത വേഗം നടന്നു.
കൃഷ്ണാ..... ഏട്ടനെ കാക്കണേ........

മടിയനായ വേലുവിന് ശാന്തയെ വല്ല്യ ഇഷ്ട്ടാ. ശാന്തന്റെ മുഖവും ശരീരവും കാണാൻ നല്ല ചന്തമാണ്. കണ്ണാടി കൂട്ടിൽ ഇട്ട പോലെയാണ് വേലു നോക്കാറുള്ളത്.

ശാന്തക്ക് വെഷമം തോന്നും. ഒന്ന്...... വേലുഏട്ടൻ അടുത്ത് നിന്നിരുന്നാല്,കൊഞ്ചിയാൽ........ എല്ലാം സ്വപ്നം പോലെ !

പിന്നാംപുറത്തിലെ ഡോക്ടറുടെ വീട്ടിൽ കേറുമ്പോൾ ഒരു വലിയ കീരി ഓടിപ്പോകുന്നു.നാശം!

അടുക്കളയിൽ ഡോക്ടറമ്മ നില്ക്കുന്നു.ന്നാ ശാന്തേ വല്ലാതെ. ഒന്നുമില്ലേ ഡോക്ടറെ.

വേലുവിനു എങ്ങെനെ?

അങ്ങനെ പോകുന്നു തൊണ്ടിയിലെ .... കാൻസർ എങ്ങനെ?

മരുന്ന് കഴിക്കുന്നുണ്ടോ?

ങ്ങ കഴിക്കും അതിന്റ ഒപ്പം കുടിയും വലിയും ഉണ്ട് രാത്രയിൽ ഓരോന്നും പറഞ്ഞി വഴക്കുണ്ടാക്കും.ഞാൻ ഒന്നും മിണ്ടില്ല. ശ്വാസ തടസ്സം വരുമ്പോൾ തെന്നെ നിർത്തും.ന്നാലും എനിക്കി ആ മണം കിട്ടാതെ ഒറങ്ങാനുംകഴിയില്ല .

ഡോക്ടറമ്മ ചിരിച്ചു.

ഇതാ ഇന്നത്തെ കൂലി,200/-

സന്തോഷത്തോടെ വാങ്ങി വയൽ വരമ്പിലൂടെ പായുമ്പോൾ മനസ്സിൽ നിറയെ വേലുഏട്ടൻ .

കൃഷ്ണാ ,...കാക്കേണേ ......ന്റ വേലു ഏട്ടനെ.

TREESA JACOB
TEACHER

# കലാപ്രതിഭ

## ദിൽജിത്ത് . ജി. എം

14 ല്യ കാരനായ ദിൽജിത്ത് തന്റെ നൃത്തത്തിലൂടെ തന്റെ ജീവിതയാത്രയെ മുനോട്ട് നയിക്കുന്ന ഉദ്യോഗസ്ഥനായ ശ്രീ ദിനേശന്റെയും ശ്രീമതി സുജിതയുടെയും മകനാണ്. ആദ്യത്തെ ഗുരുദക്ഷിണ വച്ചുകൊട്ത്ത് അധ്യാപകനായ മധുസൂദരെമ്റെയും സനീഷ് അവർകൾക്കും പേര് നൽകികൊണ്ട് ഒന്നാമനായി. നൃത്തത്തിന്റെ വഴിയിലൂടെ ആരുമറിയാതെ നടന്ന അവനെ തന്റെ ഇപ്പോഴത്തെ നൃത്ത അധ്യാപികയായ വിജയലക്ഷമി പ്രമോദിന്റെ സൗജന്യ ശിഷ്യണത്തിലൂടെ എല്ലാവർക്കും അറിയുന്നവനായി മാറി . പിന്നീടുള്ള ജീവിതം സമ്മന അർഹനായി. നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാനായി കോഴിക്കോട് ജില്ലയെ പ്രതിനീകരിച്ച് സംസ്ഥാന യുവജനോത്സവത്തിൽ വിജയിയായി മാറികൊണ്ട് യാത്ര തുടരുന്നു.......









# എന്റെ കുറുഞ്ഞി പൂച്ച



എന്റെ വീട്ടിലെ പൂച്ച കുട്ടി
സുന്ദരിയാം പൂച്ച കുട്ടി
ഞാനോടുമ്പോൾ കൂടെയോടും
ഞാൻ ചാടുമ്പോൾ കൂടെച്ചാടും
സുന്ദരിയാം കുറുഞ്ഞി പൂച്ച
പാൽ കുടിക്കും കുറുഞ്ഞി പൂച്ച
എന്റെ ഓമനയാം പൂച്ച കുട്ടി
വീട്ടിലൊരാൾ വന്നെന്നാൽ
മ്യാവൂ... മ്യാവൂ...കരഞ്ഞീടും
നക്കിതുടക്കും സുന്ദരിയാം അവൾ
എന്റെ സുന്ദരിയാം മ്യാവു കുട്ടി..

Ishan.v
5.D

# **Sorrow of the nature**

How beautiful was the nature

But now where is its beauty

Only sorrows and pain she has.

Its because of our cruelties.

The only question she asks is.

“What did they gain from my sorrow”

When our cruelties towards her continues.

Her pain, her sorrow, her suffocation

It continues....




Gautham.P.V

5 C




# MOTHERBOARD COMPONENTS




**COM1. Mouse & keyboard:**

There are two types of keyboard and mouse connectors. First type is called PS/2 and second one is called USB.




**2. USB (Universal serial bus):**
USB is **Universal serial bus.** It is used for connection for PC. There are different devices which is used to connect with USB port such as mouse, keyboards, scanners, cameras, and even printers. USB connector is used to connect computer motherboard and a peripheral device. You can insert or remove peripheral device connect by USB connector without restarting your system.

**3. Parallel port:**
Most of old printers are used to connect by parallel port. Parallel port used more than one wire for sending or receiving multiple bits of data at once, while serial port uses only one wire. Parallel ports use a 25-pin female DB connector.

**4. CPU Chip:**
CPU refers to a processor, the central processing unit, also called the microprocessor performs all the task that take place inside a computer system. It is also know as brain of computer.

**5. RAM slots:**
RAM slots is for attaching RAM on it in general desktop we can see two slot of RAM but in server motherboard we can see 4+ slot of RAM. RAM comes in different size(memory).

**6. Floppy controller:**
In old motherboard the floppy drive connects to the computer via a 34-pin ribbon cableone end of ribbon cable is connect to floppy drive and other is connected to the motherboard.

**7. IDE controller:**
IDE that is **Integrated Drive Electronics**, also called as **ATA** or Parallel

**ATA (PATA)**.IDE controller is responsible for controlling the hard drive. Today's computers no longer come with a IDE controller.

**8. PCI slot:**

PCI stands for Peripheral Component Interface, PCI slot allows you to insert expansion cards into your computer. PCI used to connect additional PCI device like network cards, sound cards, modems, video cards. Some of today's computers no longer come with a PCI expansion slot. Its connect audio, video and graphics.

**9. ISA slot**

ISA stands for Industry Standard Architecture, It is the standard architecture of the Expansion bus. It connect modem and input devices.

**10. CMOS Battery:**

CMOS is complementary metal-oxide-semiconductor is used to store BIOS setting in computer motherboard. CMOS Battery also store date and time.

**11. AGP slot:**

The Accelerated Graphics Port (**AGP**) is a high-speed point-to-point channel for attaching a video card to a computer system, If you have a modern motherboard, you will almost certainly notice a single connector that looks like a PCI slot. A fast port for a graphics card

**12. CPU slot:**

The processor socket (also called a CPU socket) is the connector on the motherboard that connect a CPU.

**13. Power supply plug in:**

The Power supply provides the necessary electrical power to make the computer system operate. The power supply takes standard 110-V
The power supply connector has 20-pins, and the connector can go in only one direction.

KRISHANG T - 9E

# പഠിപ്പിന്റെ വിജയം

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിയുടെ പേര് ഉണ്ണിക്കുട്ടൻ എന്നായിരുന്നു. ഉണ്ണിയും അമ്മയും അച്ഛനും വളരെ പാവങ്ങളായതുകൊണ്ടു ഉണ്ണിക്കു ഒരു ചിന്തയായിരുന്നു. "പഠിച്ചു പഠിച്ചു വലിയ ഒരു ജോലി വേണമെന്ന്" ഉണ്ണിയുടെ അച്ഛന് പൈസയില്ലാത്തതുകൊണ്ടു അയലത്തെ കുട്ടിയുടെ സാധനങ്ങൾ വാങ്ങിയിട്ടാണ് ഉണ്ണി സ്കൂളിൽ പോയിരുന്നത്. ഒരു ദിവസം ഉണ്ണി സ്കൂളിൽ പോയി വരുമ്പോൾ ഉണ്ണി ഒന്ന് ചിന്തിച്ചു."പഠിച്ചു ജോലി കിട്ടിയാൽ മാത്രമേ ഉള്ളോ എനിക്കൊരു വീടെടുക്കാൻ. കാല്പന്തുകളി കളിച്ചു ജയിച്ചു പൈസക്കിട്ടിയാൽ വീടെടുത്തുകൂടെ". ഉണ്ണിയെ ആ ചിന്ത വളരെ ആലോചിപ്പിച്ചു. അന്നുമുതൽ ഉണ്ണി സ്കൂളിൽ പോയാലും പഠിക്കാതെ വീട്ടിൽ വന്നാൽ കളിയ്ക്കാൻ പോകും. അങ്ങനെ ഒരുദിവസം കളിയ്ക്കാൻ പോയപ്പോൾ കളിച്ചുകൊണ്ട് നിൽക്കുന്ന ഉണ്ണിയെ ഒരു കുട്ടി തള്ളിയിട്ടു ഉണ്ണി നിലത്തുവീണപ്പോൾ കാലും കയ്യും ഉരഞ്ഞു. ഉണ്ണിക്കു കാലു വേദന തുടങ്ങി. ഡോക്റ്ററേ കാണിക്കാൻ പൈസയില്ലാത്തതുകൊണ്ടു ഉണ്ണിയുടെ അമ്മ അവിടെ നിന്ന് ഒരു തുളസി ചെടി പൊട്ടിച്ചു കാലിൽ വെച്ചുകൊടുത്തു. ഉണ്ണിക്കു തുളസി വെച്ചുകൊടുത്തതുകൊണ്ടു കാലു വേദന മാറിപ്പോയി. അപ്പോൾ ഉണ്ണിക്കു ഒരു കാര്യം മനസിലായി. പഠിപ്പാണ് എല്ലാം. ഉണ്ണി പണ്ടത്തെ ചിന്തയോട് കൂടി തന്നെ രാത്രിയും പകലും ഇരുട്ടത്തും വെളിച്ചത്തും ഇരുന്നു പഠിക്കാൻ തുടങ്ങി. അന്ന് മുതൽ ഉണ്ണി പഠിച്ചു പഠിച്ചു ജയിച്ചുകൊണ്ടു മുന്നേറി. അങ്ങനെ കാലം പോയി. ഉണ്ണി വലുതായി. പേടിച്ചു വലിയ ജോലി തന്നെ ഉണ്ണിക്കു കിട്ടി. ഉണ്ണിയൊരു വലിയ വീടെടുത്തു. അമ്മയെയും അച്ഛനെയും കൊണ്ടുപോയി ഉണ്ണി. അവരെ പൊന്നുപോലെ നോക്കി. അന്നും ഉണ്ണി കൈവിടാതെ നിന്ന് ആ ഓർമ അവന്റെ കാതിലുണ്ടായിരുന്നു. പഠിപ്പാണ് എല്ലാം, പഠനം കഴിഞ്ഞിട്ടാണ് ബാക്കിയെന്തും

***നമ്മുടെ ജിവികതത്തിൽ നമുക്ക് പഠിപ്പു വേണം. പഠിപ്പു കഴിഞ്ഞിട്ടാണ് ബാക്കി എന്തും***

# കൊക്കിൽ ഒതുങ്ങുന്നത്

കൊക്കിൽ ഒതുങ്ങുന്നതേ കൊത്താവൂ എന്നൊരു ചൊല്ലുണ്ട്. മനുഷ്യനും ബാധകമാണ്. പെരുത്ത ആഗ്രഹങ്ങൾ വെച്ച് പുലർത്തിയാൽ സംഘർഷപൂരിതമാകും നമ്മുടെ ജീവിതം. ആഗ്രഹങ്ങൾക്കും കൊതികൾക്കും ഒരു പരിധി വെച്ചാലേ ജീവിതം സുഖമാവൂ അതിന് ഈ കഥയിൽ പരം ഒരു ഉദാഹരണം നൽകാനാവില്ല.കഥ കേൾക്കൂ.

ഒരു പരുന്ത് അതിന് കടൽത്തീരത്ത് മീൻ പിടുത്തക്കാരുടെ വള്ളത്തിൽ നിന്നും ഒരു വലിയ മീൻ കിട്ടി. ഒരു വിധത്തിൽ ആ മീനിനെയും കൊണ്ട് പരുന്തു പറന്നു പൊങ്ങാൻ തുടങ്ങി.

കുറെ കാക്കകൾ അത് കണ്ടു. "ഇതങ്ങനെ വിടാൻ പറ്റില്ലല്ലോ. ഇത്രയും വലിയ മീനിനെയും കൊണ്ട് ഈ പരുന്തു ഒറ്റയ്ക്ക് പോയാലോ. നമ്മളിവിടെ പിന്നെ കാക്കകൾ എന്ന് പറഞ്ഞു നടക്കുന്നതിൽ എന്തർത്ഥം"കാക്കകൽ പരുന്തിന്റ പുറകെ കൂടി. അവന്റെ കൊക്കിൽനിന്നും മീനിനെ റാഞ്ചാനായി ശ്രമം തുടങ്ങി. പരുന്ത് കാക്കകളുടെആക്രമണത്തിൽ രക്ഷപെടാൻ നെട്ടോട്ടം പറന്നു മടുത്തുഎവിടെ ചെന്നാലും കാക്കകൾ പുറകെ ഉണ്ട്. പരുന്ത്പൊറുതിമുട്ടി. എന്നാ പിന്നെ ഇതാ പിടിച്ചോ. പോയിതിന്നോ. ഗത്യന്തരമില്ലാതെ പരുന്ത് കോക്കിൽ നിന്നുംആ മത്സ്യത്തെ തയ്ക്ക് ഇട്ടു. അത് കണ്ടതും കാക്കകൾമീനിന്റെ പുറകെ പോയി. പരുത്തിനു അതോടെ സൊയിര്യം സമാദാനവും ലഭ്യമായിഅതാ പറഞ്ഞത് കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ എന്ന്.



VAIBHAV .P. PRABHU

**5 C**



## ജ്യോത്സന്റെ പ്രവചനം

തിളച്ച മറിയുന്ന വെയിലേറ്റ് അയാൾ അതിവേഗം നടന്നു. അയാളുടെ ലക്ഷ്യം കാടിനുള്ളിലുള്ള ഗുഹാക്ഷേത്രത്തിൽ എത്തി. അവിടെ തിരി തെളിയിക്കണമെന്ന് മുത്തശ്ശിയുടെ നേർച്ചയാണ്. ജ്യോതിഷത്തിൽ അന്തമായി വിശ്വാസമുള്ള ആളാണ് മുത്തശ്ശി. അയാൾക്കു അകാലമൃത്യു സംഭവിക്കുമെന്ന് ഏതോ ജ്യോൽസ്യൻ പ്രവചിച്ചതിന്റെ പരിഹാര ക്രിയയായി ഗുഹാക്ഷേത്രത്തിൽ തിരി തെളിയിക്കാൻ പോവുകയാണ്. ഇരുളുവീഴുന്നതിനു മുമ്പേ ഗുഹാക്ഷേത്രത്തിൽ തിരിതെളിയിച്ച് മടങ്ങേണ്ടതുകൊണ്ടു അയാൾ നടത്തത്തിനു വേഗത കൂട്ടി. അയാൾ നടന്നു കാട്ടിലെ മരങ്ങൾക്കും വള്ളിപ്പടർന്നപൂക്കൾക്കുമിടയിലൂടെ നടന്നു നീങ്ങി പെട്ടന്ന് അയാളുടെ കാതിൽ കരിയില അമരുന്ന ശബ്ദം കേട്ട് അയാൾ നാല് പാടും ഭയപ്പാടോടെ കണ്ണോടിച്ചു. കാടിന്റെ ഉള്ളിൽ നിന്നൊരു വൃദ്ധൻ തന്റെ അടുത്തേക്ക് നടന്നു വരുന്നത് അയാൾ കണ്ടു. താടി രോമങ്ങൾ നീട്ടി വളർത്തിയ വൃദ്ധന്റെ രൂപം കണ്ടാൽ ആരും ഭയന്നു പോകും. അയാളുടെ തോളിൽ മുഷിഞ്ഞു നാറിയ ഒരു തുണി സഞ്ചിയിൽ എന്തൊക്കയോ കുത്തിനിറച്ചിട്ടുണ്ടായിരുന്നു. വൃദ്ധൻ അദ്ദേഹത്തിന്റെ അടുക്കലേക്കു വന്നു പറഞ്ഞു "ഇനി തങ്ങൾ ഇവിടെനിന്നു മടങ്ങി പോകണം, ഇനി കാടിന്റെ ഉള്ളിലേക്ക് പോയാൽ അപകടമാണ്" എന്നയാൾ പറഞ്ഞു. ഈ കാര്യം പറഞ്ഞു ആവൃദ്ധൻ താൻ നടന്നുവന്ന വഴിയിലൂടെ

നടന്നു നീങ്ങി. അയാളാകെ ആശങ്കയിലായി. മുത്തശ്ശിയുടെ ആഗ്രഹം നിറവേറ്റണോ അതോ വൃദ്ധൻ പറഞ്ഞ മാതിരി മടങ്ങി പോകണോ, ഒടുവിലായാൾ തീരുമാനിച്ചു. മുത്തശ്ശിയുടെ ആഗ്രഹം നിറവേറ്റാൻ വേണ്ടി കാടിനുള്ളിലേക്ക് നടന്നു. അയാൾ വള്ളി പടർന്ന പൂക്കൾക്കിടയിലൂടെയും മുൾച്ചെടികളുടെ ഇടയിലൂടെയും നടന്നു നീങ്ങുന്നതിനിടയിൽ അയാളുടെ ദേഹത്ത് മുറിവുകൾ പറ്റുന്നത് വകവെയ്ക്കാതെ അയാൾ അതിവേഗം നടക്കുകയാണ്. ക്രൂരമൃഗങ്ങളും വിഷജന്തുക്കളും അധിവസിക്കുന്ന കാട്ടിലൂടെ അയാൾ വേഗം നടക്കവേ അയാളുടെ ദേഹം തളർന്നു അയാൾ കരിയിലകൾക്കുമുകളിൽ വീണു.അയാളുടെ രോമക്കുഴികളിൽനിന്നു രക്തംകിനിഞ്ഞിറങ്ങാൻ തുടങ്ങി. അയാളുടെ ബോധം നശിച്ചു കൊണ്ടിരിക്കവേ ഒരു മങ്ങലോടെ അയാൾ നേർത്ത കണ്ട വൃദ്ധനെ കണ്ടു. വൃദ്ധൻ തന്റെ കൈവശമുണ്ടായിരുന്ന ചില പച്ചിലകൾ ഞെരടി പിഴിഞ്ഞ് അയാളുടെ നാസാദ്വാരത്തിൽ തുള്ളികളായി ഉറ്റിച്ചു. അതിനു ശേഷം വൃദ്ധൻ അയാളുടെ ശരീരത്തിൽ ഉണ്ടായിരുന്ന മുറിവുകളിൽ തോൾ സഞ്ചിയിൽ നിന്ന് വീണ്ടും കുറച്ചു പച്ചിലകളെടുത്തു മുറിവുകളിൽ ആയിലകൾ പിഴിഞ്ഞ് ബാക്കിഭാഗം വച്ചുകെട്ടി. സമയം കുറെ കടന്നു പോയി. അയാളുടെ കൺപോളകൾ വലിച്ചു തുടങ്ങി, അയാൾ മെല്ലെ കണ്ണുകൾ തുറന്നു. തന്റെ മുമ്പിൽ നിൽക്കുന്ന ആ വൃദ്ധന്റെ കാലിൽ പിടിച്ചുഅയാൾ മാപ്പു പറഞ്ഞു. താനേ കാട്ടിൽ വരുവാൻ ഉണ്ടായിരുന്ന കാരണം അയാൾ ആ വൃദ്ധനോട് പറഞ്ഞു. തന്നെ സഹായിക്കണമെന്ന് അയാൾ വൃദ്ധനോട് അപേക്ഷിച്ചു. ഈ കാറ്റിൽ അങ്ങനെ ഒരു ക്ഷേത്രമില്ലെന്നും അനേകം വർഷമായി താനീകാട്ടിൽ വസിക്കാൻ തുടങ്ങിയിട്ടെന്നും ആ വൃദ്ധൻ അയാളോട് പറഞ്ഞു ഏതോ കപട ജ്യോത്സ്യന്റെ വാക്കുകേട്ടാണ് മുത്തശ്ശിയുടെ നേർച്ച എന്ന് മനസിലാക്കി അയാൾ തിരിച്ചു പോന്നു.

**Harijith.T**

**7 D**

# AN ELEPHANTS WHO NEVER KNEW THE STRENGTH

Everyone has got their own talents, capabilities and many more. Even if someone is trying to hold you back, try and try you will succeed. Here is a story that depicts what all i have described.

Once, a gentleman was walking through an elephant camp. He spotted that the elephants were not in
cages on in chains. All that was holding them from escaping in a piece of rope tied to one of their legs.

As the man gazed upon the elephants, he was completely confused, why they cant break the rope with their strength. When he asked the trainer, he said, 'we used to tie them with a rope of the same size when they were young. These ropes could resist their strength. So the calves that it was not possible to break the ropes. And that is what they still believe now.'

The man understood that the only reason that the elephants didn't escape was just because they didn't try. The moral of the story is no matter how much the world tries to hold you back, always continue with the belief that what you want to achieve is possible. Believing you can become successful is the most important step in actually achieving it.

ROHAN SREEKANTH
7-B





## सागर के किनारे

सागर के किनारे कुछ वक्त
मै चलता। सागर को देखा ,मुछे
उसका सुंदरता के बारे में सोचता
कितनी सुंदर है सागर ?

हमारा प्रकृति का जादू !
उसका एक एक लहरों
कितनी सुन्दर है ?
उसके किनारे चलते ,
सभी हमारा दुखों
नष्ट होती है।
इस्वर का जादू !

लेकिन मै उस सागर
में एक गलत देखा ,
उसका लहरों में
कितनी प्लास्टिक है ?
एक एक लहरों में
प्लास्टिक आ रही है ।

दिनों दिन सागर का
मनोहारिता नष्ट होता है
प्रकृति का जादू नष्ट होता
मानव का प्रवर्ति
हमारा प्रकृति का मनोहारिता का
नष्ट................
कितनि सुन्दर थी हमारी सागर
देखो हमारा सगर .........

गौतम पी वी

**5th c**

# सागर

मे अकेला था
उस सागर के किनारे पर
वह नमक के बुछो
आती है मेरे आरव से
मन कहता है
तुम भी जावो
लेकिन माँ की यादों
पकड़ता है मेरा मन को
बदल से घूस कर
सूरज आती है
जैसे माँ की यादों आती है
लकिन मै अकेला था
उस सागर के किनारे पर
उम्मीद है में छिपाऊँगी
खुशी की खुशबू आने वाली है
दुख को पीठ पर नहीं डालो
गलती के साथ नही जावो
दुख कहता है
जीवन अभी बाकी है
चुनौती के साथ तुम लड़ लो
जीवन में जीत पाओ

विवेक के १० सी



AMITHESH 9 E

# SCHOOL ACTIVITIES.........







ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ
ഹെലൻകെല്ലർ ദിനാചരണം
പഠനോപകരണവിതരണം
2019 ജൂൺ 27 വ്യാഴം
രാവിലെ 9 മണിക്ക്
സ്കൂൾ അങ്കണത്തിൽ
GANAPATH HIGH SCHOOL FOR BOYS
CHALAPPURAM


SSLC, USS



# LITTLE KITES












GGBHS
CHALAPPURAM


GGBHS
DREAMS
Motivation Class
25/01/2020
















SKATING
BOARD


വിദ്യാരംഗം കലാ സാഹിത്യ വേദി
ബഷീർ ചരമദിനം
ജൂലൈ 5
കഥാപാത്രങ്ങൾ നിങ്ങളുടെ മുന്നിൽ
2019.07.05 11:35


2019.07.05 11:32


2019.07.05 11:31

# THANK YOU

